യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 ലക്കം 9 സെപ്റ്റംബർ 2016 വില 10 രൂപ



## കർത്തൃമേശ
## ഉടമ്പടി ബന്ധത്തിന്റെ മേശ

സാക് പുന്നൻ

JEEVAMOZHIKAL
**ജീവമൊഴികൾ**

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 14 സെപ്റ്റംബർ 2016 ലക്കം 9

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9946509900 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# പിന്മാറ്റക്കാരൻ നിഷേധ മാതൃക



ക്രിസ്തീയ ദൗത്യ നിർവഹണത്തിനു പിന്മാറ്റക്കാരൻ ഏറ്റവും വലിയ ഒരു വിപത്താണ്. ഒരവിശ്വാസിയെക്കാൾ ക്രിസ്തു മാർഗ്ഗത്തിനു കൂടുതൽ ഹാനി വരുത്തുന്നത് ഒരു പിന്മാറ്റക്കാരനാണ്. ലോകത്തിൽ ക്രിസ്തുവിനെതിരായുള്ള ഒരു സ്വാധീനം സൃഷ്ടിക്കുന്നതിനും പാപികളുടെ മാനസാന്തരത്തെ തടസ്സപ്പെടുത്തുന്നതിനും സാത്താന്റെ തന്ത്രങ്ങൾക്കു പ്രോത്സാഹനം നൽകുന്നതിനും മറ്റാരെക്കാളുമധികം ഇടവരുത്തുന്നതു പിന്മാറ്റക്കാരനാണ്.

***- ചാൾസ് ഫിന്നി***

## ആരും നശിച്ചുപോകാതെ...




ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളെടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. (2 പത്രൊസ് 3:9)

# കർതൃമേശയുടെ അർത്ഥ തലങ്ങൾ



**അവൻ** അവരോട്: "ഞാൻ കഷ്ടം അനുഭവിക്കും മുൻപേ ഈ പെസഹ നിങ്ങളോടു കൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു" (ലൂക്കൊ. 22:15).

ഏറെ പകിട്ടൊന്നുമില്ലാത്ത ഒരു വിടപറയൽ വിരുന്നായിരുന്നു അത്. നസറേത്തിലെ യേശുവും ശിഷ്യരായ പാവപ്പെട്ട മീൻ പിടിത്തക്കാരും ചേർന്നുള്ള ലളിതമായ ഒരു ഒത്തുചേരൽ. ഇത് ഒന്നിച്ചുള്ള 'അന്ത്യഅത്താഴ'മാണെന്ന് ഒരുപക്ഷേ യേശുവിന് മാത്രമേ അറിയുമായിരുന്നുള്ളൂ. എന്നാൽ ഇങ്ങനെ ഒന്നിനു വേണ്ടി താൻ എത്ര വാഞ്ഛയോടെ ആഗ്രഹിച്ചു എന്നാണ് യേശു ഗൃഹാതുരതയോടെ പറയുന്നത്. ഇതേസമയം, മൂന്നര വർഷം ഒന്നിച്ചുണ്ടുറങ്ങി, സുഖദു:ഖങ്ങൾ പങ്കിട്ട ചില ചെറുപ്പക്കാരുടെ വികാരഭരിതമായ വിടപറയൽ എന്നതിനപ്പുറം ഈ അത്താഴ മേശയിലെ ഒത്തുചേരലിന് മറ്റെന്തെങ്കിലും അർത്ഥതലങ്ങളുണ്ടോ, ഇതിനു മറ്റൊരു മാനം (Dimension) ഉണ്ടോ?

തീർച്ചയായും യേശുവുമായി ബന്ധപ്പെട്ട സുവിശേഷങ്ങളിലെ എല്ലാ കാര്യങ്ങൾക്കും ഉപരിതലത്തിൽ കാണുന്നതിനു താഴെ ആഴത്തിൽ മറ്റൊരു തലം ഉള്ളതുപോലെയാണിതും. ദൈവവും മനുഷ്യനും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും മുറിഞ്ഞു പോയ ബന്ധത്തെ വിളക്കിച്ചേർക്കാൻ വന്ന യേശുവിന്റെ ദൗത്യത്തിന്റെ നാഴികക്കല്ലുകളിലൊന്നാണ് അന്ത്യ അത്താഴത്തിൽ സ്ഥാപിതമായ കർതൃമേശ.

കർതൃമേശ പ്രതീകഭംഗിയോടെ വിരൽ ചൂണ്ടുന്നത് ഒട്ടേറെ കാര്യങ്ങളിലേക്കാണ്. ഒന്നാമത് 'വിലക്കപ്പെട്ട ഒരു ഭക്ഷണ'ത്തോടു ബന്ധപ്പെട്ടാണ് ദൈവവും മനുഷ്യനും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും ഉണ്ടായിരുന്ന സ്നേഹബന്ധം ആദ്യം മുറിഞ്ഞുപോയതെന്നു ശ്രദ്ധിക്കുക. ഏദൻ തോട്ടത്തിൽ ദൈവവും മനുഷ്യനും തമ്മിൽ മധുരോദാരമായ സ്നേഹബന്ധവും സമാധാനപൂർണവുമായ സഹവർത്തിത്വവുമാണുണ്ടായിരുന്നത്. പക്ഷേ 'വിലക്കപ്പെട്ട കനി' ഭക്ഷിച്ചതോടെ അതിനു വിള്ളൽ ഉണ്ടായി. 'തിന്നരുതെന്നു ദൈവം കല്പിച്ച ഒരു പഴം മനുഷ്യൻ പറിച്ചുതിന്നു' എന്ന ഒരു കേവല സംഭവമായല്ല ഇതിനെ കാണേണ്ടത്. ഇവിടെ മനുഷ്യൻ അവനോടുള്ള ദൈവസ്നേഹത്തെ സംശയിച്ചു. അവനെക്കുറിച്ചുള്ള ദൈവത്തിന്റെ നന്മയുടെ പദ്ധതികളെ

അവിശ്വസിച്ചു. തിന്മയുടെ ശക്തിയെ കണ്ണുമടച്ചു വിശ്വസിച്ചു. തെറ്റായ പ്രലോഭനത്തിനു മുമ്പിൽ പ്രതിരോധമില്ലാതെ കീഴടങ്ങി. 'അരുത്' എന്ന ദൈവകല്പനയെ നേരെ ലംഘിച്ചു. (ഇന്നും മനുഷ്യൻ പാപം ചെയ്യുമ്പോൾ ഇത്രയേറെ കാര്യങ്ങൾ അതിൽ അന്തർഭവിച്ചിട്ടുണ്ടെന്ന് നാം ഓർക്കാറുണ്ടോ?) ഫലം ദൈവവും മനുഷ്യനും തമ്മിലുണ്ടായിരുന്ന ബന്ധം വിച്ഛേദിക്കപ്പെട്ടു. മാത്രമല്ല മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിനും വിള്ളലുണ്ടായെന്നാണ് 'തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ' എന്ന ദൈവത്തിന്റെ ചോദ്യത്തിന് ആദം നൽകിയ മറുപടി വ്യക്തമാക്കുന്നത്. 'എന്നോടു കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു. ഞാൻ തിന്നുകയും ചെയ്തു' എന്ന ആദമിന്റെ മറുപടിയിൽ അവൻ കുറ്റപ്പെടുത്തലിന്റെ വിരൽ ചൂണ്ടുന്നതു തന്റെ ജീവിത പങ്കാളിക്കു നേരെയാണ്. അവിടെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും മുറിഞ്ഞു.

പാപം മൂലം മുറിഞ്ഞുപോയ ഈ രണ്ട് ബന്ധങ്ങളെയും പാപത്തിനു പരിഹാരം വരുത്തിക്കൊണ്ട് യേശു പുന:സ്ഥാപിക്കുന്ന ഇടമാണു കാൽവറി ക്രൂശ്. ക്രൂശിന്റെ ആകൃതിപോലും ഈ പുന:സ്ഥാപിക്കപ്പെടുന്ന ബന്ധത്തിന്റെ പ്രതീകമാണെന്നു പറയാറുണ്ടല്ലോ. ക്രൂശിലെ മേലുകീഴായ (ലംബമായ) തടി ഭൂമിയും സ്വർഗ്ഗവും (മനുഷ്യനും ദൈവവും) തമ്മിൽ വീണ്ടും ബന്ധപ്പെടുന്നതിനെ കാണിക്കുന്നു. ക്രൂശിന്റെ കുറുകെയുള്ള (തിരശ്ചീനമായ) തടി ഇരുവശങ്ങളിലേക്കും നീട്ടപ്പെട്ട രണ്ടു കരങ്ങൾ പോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം പുന:സ്ഥാപിക്കപ്പെടുന്നതിനെയും കുറിക്കുന്നു. ഈ ക്രൂശിലേക്കു ചെല്ലും മുമ്പേ യേശു അതിനെ മറ്റൊരു പ്രതീകത്തിൽ – അപ്പവും വീഞ്ഞും – ആവിഷ്ക്കരിക്കുന്നതാണു കർതൃമേശയിൽ നാം കാണുന്നത്. (വിലക്കപ്പെട്ട കനി ഭക്ഷിച്ചു പാപത്തിൽ വീണു പോയെങ്കിൽ ആ പാപത്തിനു പരിഹാരം വരുത്തിയതിന്റെ സ്മരണശുശ്രൂഷ ഭക്ഷിച്ചും കുടിച്ചും ആചരിക്കുന്നതിലെ കാവ്യനീതി കാണുക. കർതൃമേശയുടെ ഓർമ ഉണർത്തുന്ന, യിസ്രയേൽ മക്കൾ ആചരിച്ചിരുന്ന പെസഹയും ഭക്ഷണവുമായി ബന്ധപ്പെടുത്തിയിരുന്നല്ലോ).

കർതൃമേശ സ്ഥാപിക്കുമ്പോൾ തന്നെ അതു ദൈവത്തോടും മനുഷ്യരോടും പുന:സ്ഥാപിക്കപ്പെട്ട ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ ഉടമ്പടിയെ (new covenant) കാണിക്കുന്നതായി യേശു വ്യക്തമാക്കുന്നുണ്ട് – "പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള (my blood of the new covenant) എന്റെ രക്തം" (മത്താ.26:27,28). "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനിയമം (new covenant in my blood )ആകുന്നു" (ലൂക്കോ.22:20). യേശു ഇവിടെ രണ്ടിടത്തും

▶ *ശേഷം പേജ് 40*

സന്ദേശം

# കർതൃമേശ
# ഉടമ്പടി ബന്ധത്തിന്റെ മേശ

സാക് പുന്നൻ

**കർത്താവായ** യേശുക്രിസ്തു തിരുവത്താഴശുശ്രൂഷ സ്ഥാപിച്ചപ്പോൾ അന്നുവരെ ഉപയോഗിക്കാതിരുന്ന ഒരു പുതിയ പദം ഉപയോഗിച്ചു. ഉടമ്പടി എന്നർത്ഥമുള്ള covenant എന്ന പദമായിരുന്നു അത്. മലയാളം ബൈബിളിൽ ഇതിനെ നിയമം എന്നു തർജ്ജമ ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ സാക്ഷാൽ അർത്ഥം ഉടമ്പടി എന്നാണ്. കർത്താവിന്റെ മേശയിൽ അന്വർത്ഥമായ വിധം സംബന്ധിക്കുന്നതിന് ഈ ഒരു പദത്തിന്റെയർത്ഥം നാം ശരിയായി മനസ്സിലാക്കേണ്ടത് ആവശ്യമത്രേ.



*സഹോദരനെ മഹത്വകരമായ അങ്കി അണിയിക്കുവാൻ നമ്മെ സന്നദ്ധരാക്കുന്ന ഒരു ഉടമ്പടി ബന്ധത്തിലേക്ക് നാം പ്രവേശിച്ചേ മതിയാവൂ.*

ആരുടെ നേരെ അമ്പു പ്രയോഗിക്കുന്നുവോ അയാളിലേക്കാണ് വില്ലിന്റെ ഉന്നം വെയ്ക്കാറുള്ളത്. എന്നാൽ മേഘത്തിൽ കാണുന്ന വില്ല് താഴേക്കല്ല, മുകളിലേക്കുതന്നെ ഉന്നം വച്ചിരിക്കുന്നതിന്റെ അർത്ഥമെന്താണ്? ആ വില്ലിൽ നിന്ന് പ്രയോഗിക്കപ്പെടുന്ന അമ്പ് ഉയരത്തിൽ വസിക്കുന്ന ദൈവത്തിന്റെ മേൽ തന്നെ പതിക്കും. അങ്ങനെ മനുഷ്യന്റെ പാപത്തിനുള്ള ശിക്ഷാവിധി ദൈവം തന്നെ ഏറ്റുവാങ്ങും. ആ വില്ല് മനുഷ്യന്റെ നേരെയല്ല, ദൈവത്തിന്റെ നേരെ തന്നെ പ്രയോഗിക്കപ്പെടും എന്നാണതിന്റെ അർത്ഥം.

**ദൈവവുമായി ഒരു ഉടമ്പടി ബന്ധം**

ബൈബിളിൽ ഉടമ്പടി എന്ന ഈ പദം ആദ്യമായി ഉപയോഗിച്ചിട്ടുള്ളത് ഉൽപത്തി.6:18-ൽ ആണ്. അവിടെ നോഹയുമായി താൻ ഒരു ഉടമ്പടി ചെയ്യുമെന്ന് ദൈവം പ്രസ്താവിച്ചിരിക്കുന്നു (ഉല്പ.6:9-11). മനുഷ്യന്റെ പാപം നിമിത്തം അന്നുണ്ടായിരുന്ന സകലലോകത്തിന്റെയും മേൽ ദൈവികന്യായവിധിയുടെ സന്ദർശനം ഉണ്ടായി. എങ്കിലും അതുപോലെ ഇനിയൊരിക്കലും ഒരു ജലപ്രളയത്തിലൂടെ ലോകത്തെ നശിപ്പിക്കുകയില്ലെന്ന് ദൈവം പ്രതിജ്ഞ ചെയ്തു. ഈ ഉടമ്പടിക്ക് ഉറപ്പു നൽകുവാനായി ദൈവം ഒരടയാളം കാണിച്ചുതന്നു. ഇന്നു നാം കാണാറുള്ള മഴവില്ലായിരുന്നു ആ അടയാളം. "ഞാൻ എന്റെ വില്ലു മേഘത്തിൽ വെയ്ക്കുന്നു" എന്നാണ് അതിനെപ്പറ്റി ദൈവം അരുളിച്ചെയ്തത്. അവിടെ ഉപയോഗിച്ചിട്ടുള്ള വില്ല് എന്ന പദം മറ്റു സന്ദർഭങ്ങളിൽ വില്ല് എന്ന ആയുധത്തെ കുറിക്കാൻ ഉപയോഗിക്കുന്ന പദം തന്നെയാണ്. ആരുടെ നേരെ അമ്പു പ്രയോഗിക്കുന്നുവോ അയാളിലേക്കാണ് വില്ലിന്റെ ഉന്നം വെയ്ക്കാറുള്ളത്. എന്നാൽ മേഘത്തിൽ കാണുന്ന വില്ല് താഴേക്കല്ല, മുകളിലേക്കുതന്നെ ഉന്നം വച്ചിരിക്കുന്നതിന്റെ അർത്ഥമെന്താണ്? ആ വില്ലിൽ നിന്ന് പ്രയോഗിക്കപ്പെടുന്ന അമ്പ് ഉയരത്തിൽ വസിക്കുന്ന ദൈവത്തിന്റെ മേൽ തന്നെ പതിക്കും. അങ്ങനെ മനുഷ്യന്റെ പാപത്തിനുള്ള ശിക്ഷാവിധി ദൈവം തന്നെ ഏറ്റുവാങ്ങും. ആ വില്ല് മനുഷ്യന്റെ നേരെയല്ല, ദൈവത്തിന്റെ നേരെ തന്നെ പ്രയോഗിക്കപ്പെടും എന്നാണതിന്റെ അർത്ഥം. അതിനുശേഷം ലോകത്തിന് ഒരു ജലപ്രളയം മൂലമുള്ള ന്യായവിധി ഇന്നുവരെയും നേരിടേണ്ടി വന്നിട്ടില്ല. എന്നാൽ ദൈവികന്യായവിധിയുടെ അത്യുഗ്രമായ പ്രഭാവം യേശുക്രിസ്തുവിന്റെ മേൽ പതിച്ച് കവിഞ്ഞൊഴുകുന്നതായി 69-ാം സങ്കീർത്തനം ഒന്നും രണ്ടും വാക്യങ്ങൾ പ്രസ്താവിക്കുന്നു. മേഘത്തിൽ കണ്ട വില്ലിന്റെ അർത്ഥം ഈ വിധത്തിലാണ് നിറവേറ്റിയത്.

അടുത്തതായി ദൈവം ഒരു ഉടമ്പടി ചെയ്തതായി തിരുവെഴുത്തിൽ പ്രസ്താവിച്ചിട്ടുള്ളത് അബ്രഹാമുമായിട്ടാണ്. ഉല്പ.15:18-ൽ ഇതിനെപ്പറ്റിയുള്ള ആദ്യ പരാമർശം

കാണുന്നു. അവിടെ ദൈവം അബ്രഹാമുമായി ഉടമ്പടിയിലേർപ്പെട്ടത് ഏതു വിധത്തിലായിരുന്നുവെന്ന് ശ്രദ്ധിക്കുക. മൂന്നു മൃഗങ്ങളെയും രണ്ടു പക്ഷികളെയും കൊണ്ടുവരുവാനും ആ മൃഗങ്ങളെ ഒത്ത നടുവേ പിളർന്ന് ഭാഗങ്ങളെ നേർക്കുനേരെ വയ്ക്കുവാനും ദൈവം കല്പിച്ചു. രാത്രിയായപ്പോൾ ദൈവം ഇറങ്ങിവന്ന് പുകയുന്ന ഒരു തീച്ചൂളയുടെയും ജ്വലിക്കുന്ന പന്തത്തിന്റെയും സദൃശ്യത്തിൽ കൊല്ലപ്പെട്ട മൃഗങ്ങളുടെ പിളർപ്പുകൾക്കു മധ്യത്തിൽകൂടി കടന്നു പോയി. എന്താണിതിന്റെ അർത്ഥം? ആ കൊല്ലപ്പെട്ട മൃഗങ്ങളെപ്പോലെ അബ്രഹാമിനുവേണ്ടി ദൈവം തന്നെ തന്റെ ജീവൻ വച്ചുകൊടുക്കുമെന്നു തന്നെ. നോഹയുമായി ചെയ്ത ഉടമ്പടിയിലെപ്പോലെ മരണത്തിലൂടെയാണ് ഈ ഉടമ്പടിയും സ്ഥിരീകരിക്കപ്പെട്ടത്. അതിനു ദൈവം തന്നെ മുൻകൈയെടുത്തു. ഒരു ഉടമ്പടിയിലേർപ്പെടുമ്പോൾ ഈ വിധത്തിൽ അതിന് ഉറപ്പുനൽകുന്ന രീതി പിൽക്കാത്ത് യിസ്രായേലിൽ ഒരു പതിവായിത്തീർന്നു (യിരമ്യാവ് 34:18,19). രണ്ടാളുകൾ തമ്മിൽ ഉടമ്പടി ചെയ്യുമ്പോഴെല്ലാം അവർ ഒരു കാളക്കിടാവിനെ പിളർന്ന് അവയുടെ ഭാഗങ്ങൾക്കിടയിലൂടെ നടക്കുകയും ഈ ഉടമ്പടി പാലിക്കുന്നതിൽ വിശ്വസ്തത പുലർത്തുവാൻ വേണ്ടി തങ്ങളുടെ ജീവൻ വച്ചുകൊടുക്കുവാൻ തന്നെ തങ്ങൾ തയ്യാറാണെന്ന് സാദൃശ്യരൂപത്തിൽ വെളിപ്പെടുത്തുകയും ചെയ്തു പോന്നു. ഇപ്രകാരം ഒരു ഉടമ്പടി ചെയ്ത ശേഷം അതു പാലിക്കാതിരിക്കുക അത്യന്തം ഗൗരവാവഹമായ ഒരു കുറ്റമായിരുന്നു. യഹൂദ ജനങ്ങൾ തന്നോടു ചെയ്ത ഉടമ്പടി ലംഘിച്ചതിന് താൻ അവരെ കഠിനമായി ശിക്ഷിക്കുമെന്ന് ദൈവം യിരമ്യാവ് മുഖാന്തരം അരുളിച്ചെയ്തു.

ഉല്പ.17-ാം അദ്ധ്യായത്തിൽ അബ്രഹാമുമായിട്ടുള്ള തന്റെ ഉടമ്പടിയെ ദൈവം ആവർത്തിച്ചുറപ്പിക്കുന്നതായി നാം കാണുന്നു. ഇത്തവണ ദൈവം വീണ്ടും മറ്റൊരടയാളം നൽകുന്നു. അതാണ് പരിച്ഛേദന. ഇത് ശരീരത്തിന്മേൽ ചെയ്യുന്ന ഒരു വിച്ഛേദനകർമ്മമാണ്. മരണത്തിന്റെ ഒരു ചിഹ്നമാണിത്. ഫിലി.3:3, കൊലോ. 2:11 എന്നീ ഭാഗങ്ങൾ ഈ വസ്തുത വിശദമാക്കുന്നു. മരണവുമായി ബന്ധപ്പെട്ടതാണ് ഉടമ്പടിയിലുള്ള അടയാളമെന്ന് ഇവിടെയും നാം കാണുന്നു. ഉടമ്പടിയിൽ തങ്ങൾ മരണപര്യന്തം വിശ്വസ്തരായിരിക്കുമെന്ന് ഈ പ്രാവശ്യം ഉറപ്പു നൽകിയത് അബ്രഹാമും അദ്ദേഹത്തിന്റെ പുത്രന്മാരുമായിരുന്നു. ജഡത്തിൽ പുറമേയുള്ള പരിച്ഛേദനയെന്ന കർമ്മം ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നതിനായി യിസ്രായേൽ ജനങ്ങളുടെ ഹൃദയത്തെ ആന്തരികമായി പരിച്ഛേദന ചെയ്യുവാൻ ദൈവം ആഗ്രഹിച്ചതിന്റെ ഒരടയാളമാണ്. ആവ.30:6, റോമ.2:28, 29 എന്നീ ഭാഗങ്ങൾ ഇതു വ്യക്തമാക്കുന്നു. ജഡത്തിനു മരിച്ചവരായിത്തീരാതെ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാൻ സാധ്യമല്ലെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

ഉടമ്പടിയെപ്പറ്റി പിന്നെയും നാം വായിക്കുന്ന ഒരു വേദഭാഗം മോശെയിൽക്കൂടെ ദൈവം യിസ്രായേൽ ജനങ്ങളോട് ഉടമ്പടി ചെയ്യുന്ന സന്ദർഭമാണ്. പഴയനിയമം എന്നോ പഴയ ഉടമ്പടി എന്നോ നാം സാധാ

രണ പറയാറുള്ളത് ഇതിനെപ്പറ്റിയാണ്. പുറ.24:4 മുതൽ 7 വരെ വാക്യങ്ങളിൽ ഇതിനെക്കുറിച്ചു നാം വായിക്കുന്നു. മോശ ദൈവത്തിന്റെ വചനങ്ങൾ ഒരു പുസ്തകത്തിൽ എഴുതി. ഉടമ്പടിയുടെ പുസ്തകം (The book of the covenant) എന്നാണതിന്റെ പേര്. അനന്തരം മോശെ കാളക്കിടാങ്ങളെ കൊന്ന് യഹോവയ്ക്ക് യാഗം കഴിച്ചു. അവയുടെ രക്തമെടുത്ത് - "യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തമിതാ" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ജനങ്ങളുടെമേൽ തളിച്ചു (പുറ24:8). ഇങ്ങനെ കൊല്ലപ്പെട്ട മൃഗങ്ങളുടെ രക്തത്താൽ ഉടമ്പടി മുദ്രയിട്ടു. ബൈബിളിൽ ഉടമ്പടിയുടെ (നിയമത്തിന്റെ) രക്തം എന്ന പദപ്രയോഗം ആദ്യമായി കാണുന്ന സന്ദർഭം ഇതാണ്. യേശു ശിഷ്യന്മാരുമായി കഴിച്ച അന്ത്യ അത്താഴത്തിന്റെ സമയത്ത് പാനപാത്രം എടുത്തു പങ്കിട്ടപ്പോൾ അവിടുന്ന് ഉപയോഗിച്ച പദപ്രയോഗവും ഇതു തന്നെ (മത്താ.26:28 നോക്കുക). പഴയ ഉടമ്പടിയുടെ കീഴിൽ മോശെ ജനങ്ങളുടെമേൽ രക്തം തളിക്കുകയായിരുന്നു. എന്നാൽ യേശുവാകട്ടെ, ഈ പാനപാത്രം **കുടിക്കുവാൻ** നമ്മെ ക്ഷണിക്കുകയാണ് ചെയ്യുന്നത്. പഴയ ഉടമ്പടി അനുസരിച്ച് ന്യായപ്രമാണം ഒരുവന്റെ പുറമെയുള്ള ജീവിതത്തെ മാത്രം ശുദ്ധീകരിക്കുന്നു. പുതിയ ഉടമ്പടി ആകട്ടെ, യേശുവിന്റെ മരണത്തോട് അനുരൂപപ്പെട്ടും അവിടുത്തെ കഷ്ടാനുഭങ്ങളിൽ പങ്കാളിത്തം വഹിച്ചും ആന്തരികമായ പൂർണ്ണ വിശുദ്ധി പ്രാപിക്കുവാൻ നമ്മെ സഹായിക്കുന്നു.

ദൈവവുമായുള്ള ഉടമ്പടിയിൽ നാം പ്രവേശിക്കുന്നത് മരണത്തിൽക്കൂടെയാണെന്ന കാര്യം വീണ്ടും നാമോർക്കണം. എബ്രാ.9:13-22 നോക്കുക. ബലിമൃഗങ്ങളുടെ രക്തവും യേശുവിന്റെ രക്തവും തമ്മിലുള്ള താരതമ്യം ഈ വാക്യങ്ങളിൽ അധികം വിശദമാകുന്നു. നിയമം അഥവാ ഉടമ്പടി ഉള്ളേടത്ത് നിയമകർത്താവിന്റെ മരണം ആവശ്യമെന്നും നിയമകർത്താവ് മരിച്ച ശേഷമല്ലാതെ നിയമം പ്രാബല്യത്തിൽ വരുന്നില്ല എന്നും ഇവിടെ പറയുന്നു (വാക്യം.16,17). ഈ കാരണത്താലാണ് ദൈവം മനുഷ്യനുമായി ചെയ്ത എല്ലാ ഉടമ്പടിയിലും മരണസാദൃശ്യം കാണുന്നത്.

യേശുവിന് സ്വന്തമരണത്തിൽക്കൂടി മാത്രമേ പുതിയ ഒരു ഉടമ്പടി സ്ഥാപിക്കുവാൻ കഴിയുമായിരുന്നുള്ളു. ആ ഉടമ്പടിയിലേക്കും അതിന്റെ പ്രയോജനങ്ങളിലേക്കും കടക്കുവാൻ നമുക്ക് ലഭിച്ചിട്ടുള്ള ഏകമാർഗ്ഗവും മരണം തന്നെ. അതായത് നാം നമുക്കുതന്നെ മരിച്ചവരായി തീരുക. ഇതാണ് തിരുവത്താഴ ശുശ്രൂഷയിൽ നാം അപ്പം നുറുക്കി ഭക്ഷിക്കുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നതിന്റെ അർത്ഥം.

എബ്രാ.13:20-ൽ നിത്യനിയമത്തിന്റെ രക്തത്താൽ ദൈവം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ചതായി നാം വായിക്കുന്നു. എന്താണിതിന്റെ അർത്ഥം? ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ വെളിപ്പാട് നമുക്ക് ആവശ്യമായിരിക്കുന്നത്. പ്രാണത്യാഗത്തോളം യേശു പാപത്തോട് എതിർത്തു നിന്നതിന്റെ ഫലമായിട്ടാണ് കാൽവറിയിൽ അവിടുന്ന്

രക്തം ചിന്തി മരിക്കേണ്ടി വന്നത് (എബ്രാ.12:4). പിതാവിനെ എപ്പോഴും അനുസരിക്കുവാനും ഒരിക്കൽ പോലും പാപം ചെയ്യാതിരിപ്പാനും യേശു ദൃഢനിശ്ചയം ചെയ്തിരുന്നു. യേശു പിതാവിനോട് ഇപ്രകാരം പറയുന്നതായി നമുക്ക് സങ്കല്പി ക്കാം: "പിതാവേ ഈ ഒരു ചെറിയ കാര്യത്തിലെങ്കിലും അങ്ങയോട് അനുസരണക്കേട് കാണിക്കുന്നതി നെക്കാൾ മരണമാണ് എനിക്ക് അധി കം സ്വീകാര്യം." ഇതു തന്നെയായി രുന്നു യേശുവിന്റെ നിലപാട്. ക്രൂശിലെമരണത്തോളം അനുസര ണമുള്ളവനായി തീർന്നു എന്ന് ഫിലിപ്പിയർ 2-ന്റെ 8-ൽ പറയുന്ന ഭാഗവും ശ്രദ്ധിക്കുക. ഇതായിരുന്നു യേശു പിതാവുമായി ചെയ്തിരുന്ന ഉടമ്പടി അഥവാ നിത്യനിയമം. അതുകൊണ്ടാണ് പിതാവിന് അദ്ദേഹത്തെ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കുവാൻ കഴിഞ്ഞത്.

കർത്താവിന്റെ മേശമേലുള്ള ഈ പുതിയ ഉടമ്പടിയുടെ പാനപാത്ര ത്തിൽ നിന്ന് കുടിക്കുവാൻ കർ ത്താവ് നമ്മെയും ക്ഷണിക്കുന്നു. അതിന് ഒരുക്കമുള്ളവരാണോ നാം? അവിടുന്ന് കുടിച്ച പാനപാത്രം കുടിക്കുവാൻ നമുക്ക് കഴിവുണ്ടോ ? അപ്പൊസ്തലനായ പൗലൊസിനെ പ്പോലെ അവിടുത്തെ മരണത്തോട് അനുരൂപപ്പെട്ട് അവിടുത്തെ കഷ്ടാ നുഭവങ്ങളുടെ കൂട്ടായ്മ ആചരിക്കു വാൻ നാം ജാഗ്രതയുള്ളവരോ? അങ്ങനെയെങ്കിൽ നാമും മരിച്ച വരുടെ ഇടയിൽ നിന്നുള്ള പുനരു ത്ഥാനം പ്രാപിക്കും (ഫിലി.3:10,11).

ഭൂരിപക്ഷം വിശ്വാസികളും വളരെ ലാഘവബുദ്ധിയോടെയാണ് കർതൃ മേശയിലേക്ക് അടുത്തുവരുന്നത്. ഈ ഉടമ്പടിയുടെ അർത്ഥമെന്താ

> **നാം ഒരു കോടതിയിൽ ചെന്ന് ഏറ്റവും ഗൗരവമുള്ള ഒരു ഉടമ്പടി ഒപ്പുവയ്ക്കുന്നുവെന്നിരിക്കട്ടെ. അതിലെ വ്യവസ്ഥകൾ ശ്രദ്ധാ പൂർവ്വം വായിച്ചു മനസ്സിലാക്കാതെ അതിൽ നാം ഒപ്പു വയ്ക്കുമോ ? എന്നാൽ കർത്താവിന്റെ മേശയിലെ അപ്പവീഞ്ഞുകളിൽ എത്ര ലാഘവത്തോടെയാണ് വിശ്വാസികൾ പങ്കെടുക്കുന്നത്! ഇതുമൂലം കൊരിന്തിൽ സംഭവിച്ചത് ഇന്നു നമ്മുടെ ഇടയിലും സംഭവിക്കുന്നു. പലരും (ശാരീരികമായും ആത്മീയമായും) ബലഹീനരും രോഗികളുമായിരി ക്കുന്നു. ചിലർ ദൈവം നിശ്ചയിച്ച സമയത്തിനു മുമ്പ് മരണമടയുന്നു. എല്ലാറ്റിനും കാരണം ഈ ലാഘവബുദ്ധി തന്നെ.**

ണെന്നോ അത് എന്തിനെ കുറിക്കു ന്നുവെന്നോ ഉള്ള യാതൊരു ധാര ണയും അവർക്കില്ല തന്നെ. പാപ ത്തോട് പ്രാണത്യാഗത്തോളം എതി രിട്ട് പോരാടുവാൻ ഉറച്ച തീരുമാനം ചെയ്യുന്ന ഒരുവനു മാത്രമേ ഈ മേശയിൽ പങ്കെടുക്കുവാൻ യോഗ്യ തയുള്ളു.

നാം ഒരു കോടതിയിൽ ചെന്ന് ഏറ്റവും ഗൗരവമുള്ള ഒരു ഉടമ്പടി ഒപ്പുവയ്ക്കുന്നുവെന്നിരിക്കട്ടെ. അതിലെ വ്യവസ്ഥകൾ ശ്രദ്ധാ പൂർവ്വം വായിച്ചു മനസ്സിലാക്കാതെ അതിൽ നാം ഒപ്പു വയ്ക്കുമോ ?

എന്നാൽ കർത്താവിന്റെ മേശയിലെ അപ്പവീഞ്ഞുകളിൽ എത്ര ലാഘവത്തോടെയാണ് വിശ്വാസികൾ പങ്കെടുക്കുന്നത്! ഇതുമൂലം കൊരിന്തിൽ സംഭവിച്ചത് ഇന്നു നമ്മുടെ ഇടയിലും സംഭവിക്കുന്നു. പലരും (ശാരീരികമായും ആത്മീയമായും) ബലഹീനരും രോഗികളുമായിരിക്കുന്നു. ചിലർ ദൈവം നിശ്ചയിച്ച സമയത്തിനു മുമ്പ് മരണമടയുന്നു (1 കൊരി.11:30) എല്ലാറ്റിനും കാരണം ഈ ലാഘവബുദ്ധി തന്നെ.

ലേവ്യാ പുസ്തകം 25:14 – 20 വാക്യങ്ങളിൽ ദൈവം നൽകിയിട്ടുള്ള ഒരു താക്കീത് ശ്രദ്ധിക്കുക. താനുമായി ഉടമ്പടിയിലേർപ്പെട്ടതിനു ശേഷം അത് ലംഘിക്കുന്നവർ രോഗികളും പരാജിതരുമായിത്തീരുമെന്നും അവരുടെ കൃഷി വ്യാപാരാദികൾ നഷ്ടത്തിൽ കലാശിക്കുമെന്നും ദൈവം അരുളിച്ചെയ്യുന്നു. ഉടമ്പടി ലംഘനം അത്യന്തം ഗൗരവമുള്ള ഒരു കാര്യമത്രെ. അതിനാൽ "അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്കുച്ചരിക്കുവാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്... നേർന്നിട്ടു കഴിക്കാതെയിരിക്കുന്നതിനെക്കാൾ നേരാതെയിരിക്കുന്നത് നല്ലത്" (സഭാപ്ര.5:2–5).

രോഗത്താലോ ബലഹീനതയാലോ വീണ്ടും വീണ്ടും പീഡയനുഭവിക്കുന്നവർ ദൈവത്തോട് തങ്ങൾ ചെയ്ത വല്ല പ്രതിജ്ഞയും ലംഘിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടത് ആവശ്യമത്രേ. രോഗസൗഖ്യം ലഭിക്കുന്നതിന് പാപങ്ങളെ ഏറ്റുപറയണമെന്ന് യാക്കോബ് പ്രസ്താവിച്ചിട്ടുള്ളതും ഈ കാരണത്താലാണ് (യാക്കോ. 5:16).

നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തെ കുറിക്കുന്നതത്രേ. ഒന്നാമതായി അത്, യേശു ലോകത്തിലേക്കു വന്നപ്പോൾ സ്വീകരിച്ച ഭൗതികശരീരത്തെ കുറിക്കുന്നു. ആ ശരീരത്തിൽ അവിടുന്ന് ഒരിക്കലും സ്വന്ത ഇഷ്ടം ചെയ്യാതെ പിതാവിന്റെ ഇഷ്ടം മാത്രം ചെയ്തു (എബ്രാ.10:5–7). ജഡത്തിലെ യാതൊരു മോഹങ്ങളെയും തന്റെ ശരീരത്തിൽ അവിടുന്നു നിറവേറ്റിയില്ല. നേരിയ സ്പർശം കൊണ്ടു തന്നെ നുറുങ്ങിപ്പോകുന്ന അപ്പം പോലെയായിരുന്നു അവിടുത്തെ ശരീരം. തന്റെ പിതാവിന്റെ ഹിതത്തോട് അപ്രകാരമുള്ള ഒരു വിധേയത്വമാണ് കർത്താവ് പുലർത്തിയത്. നാം അപ്പം നുറുക്കുകയും ഭക്ഷിക്കുകയും ചെയ്യുമ്പോൾ അപ്രകാരമൊരു വിധേയത്വം – ആ വിധത്തിൽ നുറുങ്ങിയ ഒരവസ്ഥ – പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതായി നാം പ്രസ്താവിക്കുയാണ്. എന്നാൽ അപ്രകാരം കർത്താവിനോട് പറഞ്ഞതിനുശേഷം അങ്ങനെയൊരു പ്രതിജ്ഞ നാം ചെയ്തിട്ടേയില്ലെന്നുള്ള മട്ടിൽ ജീവിക്കുന്ന പക്ഷം അതിന്റെ ഭവിഷ്യത്ത് ഭയാനകമായിരിക്കും. നാം പരിപൂർണ്ണരല്ലായിരിക്കാം. അടുത്ത സമയത്ത് വിശ്വാസത്തിലേക്ക് വന്നവരായിരിക്കാം. എന്നാലും നാം സ്വയത്തിനു മരിച്ചവരായും നമുക്കു വേണ്ടിയല്ല, ക്രിസ്തുവിനു വേണ്ടി തന്നെ ജീവിക്കുന്നവരായും തീരണമെന്ന് കർത്താവ് പ്രതീക്ഷിക്കുന്നു (2 കൊരി.5:15). അല്ലാത്ത പക്ഷം നാം അപ്പത്തെ വിവേചിക്കാതെ അയോഗ്യമായി ഈ മേശമേൽ നിന്ന് ഭക്ഷിക്കുകയാണ് ചെയ്യുന്നത്.

### സഹോദരവർഗ്ഗത്തോട് ഒരു ഉടമ്പടി ബന്ധം

നാം നുറുക്കുന്ന അപ്പം യേശു

വിന്റെ ഭൗതികശരീരത്തെ മാത്രമല്ല സഭയെന്ന ക്രിസ്തുവിന്റെ ശരീരത്തെയും കുറിക്കുന്നതാണ് (1 കൊരി.10:16,17). "അപ്പം ഒന്നായിരിക്കുന്നതുപോലെ പലരായ നാം ഒരു ശരീരമാകുന്നു. യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ ആകുന്നതുപോലെ (1 കൊരി.10:18) കർത്താവിന്റെ മേശയിൽ നിന്ന് ഭക്ഷിക്കുന്നവർ ക്രൂശിന്മേലുള്ള കർത്താവിന്റെ യാഗത്തിലും പങ്കാളികളായിത്തീരുന്നു. നമുക്കു തന്നെ നാം മരിച്ചവരായിത്തീരുക എന്നത് ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമല്ല, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ മറ്റ് അംഗങ്ങളുമായിട്ടുള്ള ബന്ധത്തിലും ആവശ്യമാണ്.

"നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വച്ചുകൊടുക്കേണ്ടതാകുന്നു (1 യോഹ.8 16). കർത്താവിന്റെ മേശയിൽ നാം വഹിക്കുന്ന സാക്ഷ്യത്തിന്റെ മറ്റൊരു വശമാണിത്. ഇവിടെ കർത്താവുമായി മാത്രമല്ല, നമ്മുടെ സഹവിശ്വാസികളുമായും നാം ഒരു ഉടമ്പടിയിലേർപ്പെടുകയാണ്. ഇവിടെ ഉടമ്പടി പ്രയോഗത്തിൽ വരുന്നത് നമ്മുടെ തന്നെ മരണത്തിലൂടെയാണ്."

1 ശമു.18:1 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ യോനാഥൻ ദാവീദുമായി ഒരുടമ്പടി ചെയ്തതിനെപ്പറ്റി നാം വായിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിൽ വിശ്വാസികൾ തമ്മിലുള്ള ഉടമ്പടി ബന്ധത്തിന്റെ അതിമനോഹരമായ ഒരു ചിത്രമാണിത്. "യോനാഥന്റെ മനസ്സ് ദാവീദിന്റെ മനസ്സിനോടു പറ്റിച്ചേർന്നു" എന്നു നാം ഇവിടെ വായിക്കുന്നു. ശത്രുവിനു പ്രവേശിക്കുവാൻ പഴുതു

**നമ്മുടെ സഹോദരൻ നമ്മെക്കാളും വലിയവനും ബഹുമാന്യനുമായിത്തീരുവാൻ നാം ആഗ്രഹിക്കണം. അപ്രകാരം ചെയ്യണമെങ്കിൽ നാം സ്വയം മരിക്കേണ്ടതാവശ്യമാണ്. നിരന്തരമായ സ്വയം മരണംകൊണ്ടേ ഇതു സാധ്യമാകൂ. ഇപ്രകാരമുള്ള ഒരു ഉടമ്പടി ബന്ധത്തിൽ വിശ്വാസികൾ പ്രവേശിക്കാത്തതുകൊണ്ടാണ് ഇന്ന് വിശ്വാസികളുടെ പല സമൂഹങ്ങളിലും അതിരൂക്ഷമായ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്തകാര്യമത്രേ ഓരോരുത്തരും അന്വേഷിക്കുന്നത്.**

നൽകുമാറ് അവർക്കിടയിൽ യാതൊരു വിടവും ഉണ്ടായിരുന്നില്ല. യോനാഥൻ ദാവീദിനെ സ്വന്തപ്രാണനെപ്പോലെ സ്നേഹിച്ചുവെന്നും നാം വായിക്കുന്നു. തെറ്റിദ്ധാരണ, അസൂയ, ദുശ്ശങ്ക എന്നിങ്ങനെയുള്ള യാതൊരു വിടവിലൂടെയും സാത്താൻ സഭയിൽ കടന്ന് ഭിന്നത ഉണ്ടാക്കുവാൻ പഴുത് നൽകാത്ത വിധത്തിൽ സഭാംഗങ്ങൾ തമ്മിൽ നിലനിൽക്കേണ്ട ഒരു സാഹോദര്യബന്ധത്തിലേക്കും ആത്മീയ ഐക്യത്തിലേക്കുമാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

ശൗലിന്റെ പിൻഗാമിയെന്ന നിലയിൽ യോനാഥൻ യിസ്രയേ

ലിലെ അടുത്ത രാജാവായി ത്തീരുന്നതിന് തടസ്സമായി നിന്ന ഒരു വ്യക്തിയായിരുന്നു ദാവീദ്. യോനാ ഥന് ഏതെങ്കിലും ഒരാളോട് അസൂയ തോന്നാൻ സാധ്യതയുണ്ടെങ്കിൽ അത് ദാവീദിനോടായിരുന്നു. എന്നി ട്ടും തന്റെ ജഡത്തിലെ ദുർമ്മോഹ ത്തെയും അസൂയയെയും നിശ്ശേഷം ജയിക്കുവാൻ കഴിഞ്ഞ യോനാഥൻ പുതിയനിയമ വിശ്വാസികളെ ഒന്നാകെത്തന്നെ ലജ്ജിതരാക്കി തീർക്കുന്നില്ലേ ?

“അനന്തരം യോനാഥൻ ദാവീദു മായി സഖ്യം ചെയ്തു” (made a covenant = ഉടമ്പടി ചെയ്തു) ആ ഉടമ്പടിയുടെ ചിഹ്നമായി താൻ ധരിച്ചിരുന്ന മേലങ്കിയൂരി ദാവീദിനെ ധരിപ്പിച്ചു. യിസ്രയേലിൽ തനിക്കു ലഭിക്കാമായിരുന്ന രാജത്വത്തിന് അവൻ മരിച്ചവനായിത്തീർന്നു. തൽസ്ഥാനത്ത് ദാവീദിനെ രാജാ വാക്കുവാൻ യോനാഥൻ ആഗ്രഹി ച്ചതിന്റെ അടയാളമാണിത്. ക്രിസ്തു വിന്റെ ശരീരമാകുന്ന സഭയിൽ ‘തമ്മിൽ സ്ഥായി പൂണ്ട് ബഹുമാനി ക്കുന്നതിൽ നാം അന്യോന്യം മുന്നിട്ടു നിൽക്കണമെന്ന് ദൈവം നമ്മോടു കല്പിച്ചിരിക്കുന്നു’ (റോമ.12:10). നമ്മുടെ സഹോദരൻ നമ്മെക്കാളും വലിയവനും ബഹു മാന്യനുമായിത്തീരുവാൻ നാം ആഗ്രഹിക്കണം. അപ്രകാരം ചെയ്യ ണമെങ്കിൽ നാം സ്വയം മരിക്കേ ണ്ടതാവശ്യമാണ്. നിരന്തരമായ സ്വയം മരണംകൊണ്ടേ ഇതു സാധ്യമാകൂ. ഇപ്രകാരമുള്ള ഒരു ഉടമ്പടി ബന്ധത്തിൽ വിശ്വാസികൾ പ്രവേശിക്കാത്തതുകൊണ്ടാണ് ഇന്ന് വിശ്വാസികളുടെ പല സമൂഹങ്ങ ളിലും അതിരൂക്ഷമായ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. യേശുക്രി സ്തുവിന്റെ കാര്യമല്ല സ്വന്തകാര്യ മത്രേ ഓരോരുത്തരും അന്വേഷിക്കു ന്നത്. അതിന്റെ അന്തിമഫലമോ? അവിടെയൊക്കെയും സാത്താൻ വിജയിയായിത്തീരുന്നു എന്നതു തന്നെ. പാതാള ഗോപുരങ്ങൾക്ക് ജയിക്കാനാവാത്ത വിധം യേശു പണിയുന്ന സഭകളല്ല ഇത്തരം സമൂഹങ്ങൾ എന്ന് വ്യക്തം (മത്താ.16:18).

ഇന്ന് ലോകത്തിൽ യേശു തന്റെ സഭയെ പണിതു കൊണ്ടിരിക്കുന്നു. ആ സഭയുടെ പണിയിൽ പങ്കുകാ രായിത്തീരുവാൻ നാമാഗ്രഹിക്കു ന്നുവെങ്കിൽ, സഹോദരനെ മഹത്വ കരമായ അങ്കി അണിയിക്കുവാൻ നമ്മെ സന്നദ്ധരാക്കുന്ന ഒരു ഉടമ്പടി ബന്ധത്തിലേക്ക് നാം പ്രവേശിച്ചേ മതിയാവൂ.

യോനാഥൻ തന്റെ ആയുധവർഗ്ഗം, തന്റെ വാളും വില്ലും അരക്കച്ചയും, ദാവീദിനു നൽകിയതായും അനന്തര ഭാഗത്ത് നാം വായിക്കുന്നു. സഹോ ദരന് ഏതെങ്കിലും വിധത്തിൽ ദോഷം ചെയ്യുവാൻ ഉപകരിക്കുന്ന സകല ആയുധവും വിട്ടുകളയേണ്ടത് ഈ ഉടമ്പടി ബന്ധത്തിന് അനു പേക്ഷണീയമാണ്. ക്രിസ്തീയ ലോകത്തിൽ സഹോദരന്മാർക്ക് ഏറ്റവുമധികം ദോഷം ചെയ്തിട്ടുള്ള ആയുധം നാവാണ്. സഹോദരന്മാരു മായുള്ള ഈ ഉടമ്പടി ബന്ധത്തിനു വേണ്ടി ജീവിതത്തിൽ ഒരിക്കൽ പോലും ദൂഷണം പറയുകയോ വിമർശിക്കുകയോ ചെയ്യാതവണ്ണം നാവ് എന്ന ആയുധം ദൈവത്തിന് അടിയറവച്ച് കീഴടങ്ങുന്ന ഒരു വ്യക്തിയെ എവിടെയാണ് കണ്ടെ ത്താൻ കഴിയുക? മാത്രമല്ല, സഹോ

ദരൻ ഒരിക്കലും എനിക്കു ദോഷം ചെയ്യുകയില്ലെന്ന് ഉറപ്പുള്ളതിനാൽ എന്നെത്തന്നെ സമ്പൂർണ്ണമായി അവന്റെ പക്കൽ ഏല്പിച്ചു കൊടുക്കുവാനുള്ള സന്നദ്ധതയും ഈ കീഴടങ്ങലിന്റെ ഒരു ഭാഗമത്രേ.

അനന്തര ഘട്ടങ്ങളിൽ തന്റെ പിതാവിനെതിരായി നിൽക്കേണ്ടി വന്നിട്ടുപോലും ദാവീദിനോടു വിശ്വസ്തത പുലർത്തുന്ന യോനാഥനെ 1 ശമുവേൽ 19,20 അദ്ധ്യായങ്ങളിൽ നാം കാണുന്നു. നമുക്ക് രക്തബന്ധമുള്ള ആളുകളെക്കാളധികം സഹോദരവർഗ്ഗത്തെ സ്നേഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരുത്തമ മാതൃകയാണ് യോനാഥൻ.

ഉടമ്പടി ലംഘനത്തെ ഏറ്റവും ഭീകരമായ പാപമായി ദൈവം വീക്ഷിക്കുന്നു. ആമോസ് 1:9,10, 2 ശമുവേൽ 21:1,2 എന്നീ ഭാഗങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്. രണ്ടാമത് പറഞ്ഞ ഭാഗത്ത് കാണുന്ന സംഭവം ഇതാണ്: യിസ്രയേലിൽ മൂന്നു വർഷക്കാലം തുടരെത്തുടരെ ക്ഷാമമുണ്ടായപ്പോൾ ദാവീദ് ദൈവത്തോട് അരുളപ്പാട് ചോദിക്കുകയും ശൗൽ ഗിബയോന്യരോടു ചെയ്തിരുന്ന ഉടമ്പടി പാലിക്കാതെ അവരെ നശിപ്പിച്ചതാണ് അതിനു കാരണമെന്ന് ദൈവം വെളിപ്പെടുത്തുകയും ചെയ്യുന്നു. ശൗൽ മരിച്ചുകഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് ഇത് സംഭവിച്ചത്. ദൈവികന്യായവിധി ഇത്രയും താമസിച്ചുപോയത് എന്തുകൊണ്ടെന്ന് നാം ചോദിച്ചേക്കാം. യിസ്രായേലിന് അനുതപിക്കുവാൻ ദൈവം സമയം അനുവദിച്ചതായിട്ടാണ് ഇവിടെ നാം കാണുന്നത്. എന്നിട്ടും അവർ അനുതപിക്കാത്തത് നിമിത്തം കഠിനമായ ന്യായവിധി അവരുടെമേൽ പതിക്കുകയാണുണ്ടായത്.

നാം നമ്മെത്തന്നെ വിധിക്കുന്നുവെങ്കിൽ വിധിക്കപ്പെടുകയില്ല എന്നു പൗലൊസ് കൊരിന്ത്യരെ പ്രബോധിപ്പിച്ചിരുന്നു. എന്നിട്ടും അവർ സ്വയം വിധിക്കാഞ്ഞതുമൂലം പലർ രോഗികളും ബലഹീനരും ആകുവാൻ ഇടയായി. അനേകർ അകാലമരണമടയുവാനും ഇടവന്നു. കർത്താവിന്റെ മേശയിൽ പങ്കെടുത്തതിനു ശേഷം സഹോദരന്മാരെ ദുഷിക്കുകയോ വിമർശിക്കുകയോ വഞ്ചിക്കുകയോ ചെയ്യുന്ന അനുഭവം നമ്മിൽ ഉണ്ടാകുന്നുണ്ടോ? ഈസ്കര്യോത്തായൂദായുടെ മുഖ്യമായ കുറ്റം ഇതായിരുന്നു. അവൻ യേശുവിനോടൊത്ത് ഉടമ്പടി ഭോജനത്തിൽ പങ്കെടുത്തശേഷം ഉടൻ തന്നെ പുറത്തേക്ക് പോകയും കർത്താവിനെ വഞ്ചിക്കുകയുമാണ് ചെയ്തത്. "ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ പ്രാണസ്നേഹിതൻ പോലും എന്റെനേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" (സങ്കീ.41:9) എന്ന സങ്കീർത്തനക്കാരന്റെ പ്രവചനം ശ്രദ്ധിക്കുക.

ഭാവിയിൽ നമ്മെത്തന്നെ ശോധന ചെയ്തിട്ട് കർത്താവിന്റെ മേശയിൽ നിന്ന് യോഗ്യമായ വിധം ഭക്ഷിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. കർത്താവുമായും സഹോദരീസഹോദരന്മാരുമായുള്ള ഉടമ്പടി ലംഘനത്തെപ്പറ്റി പൂർണ്ണ ഹൃദയത്തോടെ അനുതപിക്കുവാനും ഈ ലേഖനത്തിലൂടെ നമ്മോടു സംസാരിച്ച ദൈവാത്മശബ്ദം ശ്രദ്ധിക്കുവാനും ദൈവം നമുക്കു കൃപ നൽകട്ടെ. ആമേൻ. ■



## വിശുദ്ധ ജീവിതം – 13

(കഴിഞ്ഞ ലക്കം തുടർച്ച...)

# ബന്ധനസ്ഥനായ സ്ഥാനപതി

സാമുവൽ ലോഗൻ ബ്രെങ്കിൾ

"**സകല** പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ. ഞാൻ ചങ്ങല ധരിച്ചു സ്ഥാനപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്കു വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ (എഫേ.6:18–20).

വിശുദ്ധ പൗലൊസ് ക്രിസ്തീയ സഭയിലുള്ള വിശ്വാസികൾ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുമ്പോൾ 'സ്ഥാനപതിയായി ചങ്ങല ധരിച്ചു' എന്നെഴുതിയിരിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. ഒരു രാജ്യത്തെ പ്രതിനിധീകരിച്ചു കൊണ്ടു വേറൊരു രാജ്യത്ത് നിയമിക്കപ്പെട്ടിരിക്കുന്നവനും ഏറ്റവും പ്രാധാന്യം അർഹിക്കുന്ന സ്ഥാനം ഉള്ളവനുമായ ഒരാളത്രേ സ്ഥാനപതി. അവന്റെ രാജ്യവും രാജ്യത്തിന്റെ ശക്തിയും അവനു പിന്തുണ നൽകുന്നുണ്ട്. അവനോട് ആരെങ്കിലും എതിർത്താൽ അവന്റെ ഗവൺമെന്റത്രേ അവനുവേണ്ടി വാദിക്കുന്നത്. യേശുക്രിസ്തുവിന്റെ സ്ഥാനപതിയായി അപ്പൊസ്തലനായ പൗലൊസ് ലോകത്തിൽ നിയമിക്കപ്പെട്ടിരുന്നു. ഒരു കാലയളവിൽ നാം അവനെ കാണുന്നത് രണ്ടു റോമാ പടയാളികളോടു ചേർത്ത് ബന്ധിക്കപ്പെട്ടവനായി കാരാഗൃഹത്തിന്റെ ഉൾമുറിയിലാണ്. എന്നാൽ തന്റെ കാരാഗൃഹജീവിതം തന്റെസേവനത്തിനു ബാധകമാകുവാൻ അവൻ സമ്മതിച്ചില്ല. അനേകം ക്രിസ്തീയ വേലക്കാരും പൗലൊസിന്റെ കാരാഗൃഹ ജീവിതം വിശ്രമവേളയായി കരുതുമായിരുന്നു. എന്നാൽ അവൻ കാരാഗൃഹത്തിൽ നിന്ന് എഴുതി അയച്ചിട്ടുള്ള ലേഖനങ്ങൾ ഭൂലോകത്തിന് അനുഗ്രഹമായിത്തീർന്നു. അവിടെ കിടന്നുകൊണ്ട് അവൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അപ്പൊസ്തലനായ പൗലൊസിനെപ്പോലെ രാവും പകലും ഒരുപോലെ ആരും അത്യദ്ധ്വാനം ചെയ്തിട്ടില്ല. എന്നാൽ കാരാഗൃഹത്തിൽ കഴിച്ച കാലങ്ങൾ വലിയ നഷ്ടമായി എണ്ണുവാൻ ഇടയുണ്ട്. യേശുക്രിസ്തുവിൽ വിശ്വസിച്ചു ദൈവമക്കളായിത്തീർന്ന വിശ്വാസികൾ വിവിധങ്ങളായ പീഢകളിൽകൂടെ മുമ്പോട്ടു പോകുമ്പോൾ അവരെ ധൈര്യപ്പെടുത്തുകയും ഉത്സാഹിപ്പിക്കുകയും ചെയ്യേണ്ടതു പൗലൊസിന്റെ ഉത്തരവാദിത്വമായിരുന്നു. എന്നാൽ സുവിശേഷത്തിന്റെ മർമ്മങ്ങളുടെ വെളിപ്പാട് അവനു ലഭിച്ചതുപോലെ തന്നെ പ്രതികൂല സാഹചര്യങ്ങളിൽ രക്ഷിക്കുകയും വിശു

ദ്ധീകരിക്കുകയും ചെയ്യുന്ന ദൈവ ശക്തിയുടെ മർമ്മവും അവനിൽ വെളിപ്പെടുത്തേണ്ടത് ആവശ്യ മായിരുന്നു. ഒരിക്കൽ സ്വാതന്ത്ര്യ ത്തോടുകൂടെ ഓടിനടന്നവനായ പൗലൊസ് ബന്ധനസ്ഥനായി ഒരടിമ യെപ്പോല കാരാഗൃഹത്തിനുള്ളിൽ പാർക്കുന്നത് നമുക്ക് മനസ്സിലാക്കാൻ പറ്റാത്ത ഒരു മർമ്മമാണ്. എന്നാൽ ഇതൊന്നും പൗലൊസിനെ ഇള ക്കിയില്ല. ഏതവസ്ഥയിലും തൃപ്ത നായിരിക്കുവാൻ അവൻ പഠിച്ചി രുന്നു. അതിനാൽ തന്റെ കാരാ ഗൃഹജീവിതം അവനെ നിരാശപ്പെടു ത്തുന്നതിനോ യേശുക്രിസ്തുവിന്റെ സ്നേഹത്തെ ചോദ്യം ചെയ്യുവാനോ ഇടയാക്കിയില്ല. എന്നാൽ ക്രിസ്തു വിന്റെ സ്നേഹത്തിലുള്ള വിശ്വാസ ത്താൽ ജയാളിയായി അതിൽനിന്ന് അവൻ വെളിയിലേക്കു വന്നു.

ക്രിസ്തീയവേലക്കാർ പഠിക്കേണ്ട ഒരു പാഠമത്രേ ഇത്. രോഗം നിമി ത്തമോ മറ്റു കാരണങ്ങളാലോ ചെയ്തുകൊണ്ടിരുന്ന വേലയ്ക്കു ചില നാളുകളിലേക്കു വ്യതിയാനം വന്നു എന്നു കാണുമ്പോൾ നിരാശ പ്പെടുകയും പിറുപിറുക്കുകയും ചെയ്യുന്നതിനുള്ള പരീക്ഷയാണ് നമുക്കുണ്ടാകുന്നത്. അപ്രകാരമുള്ള കാലങ്ങളിലും ദൈവം നമ്മെ ഉപ യോഗിക്കുവാനാണ് ആഗ്രഹി ക്കുന്നത്. ആ ബന്ധനത്തിൽ നിന്നും വെളിയിലേക്കു വരുമ്പോൾ ആ കാലങ്ങളിൽ ലഭിച്ചിട്ടുള്ള അഭ്യസനം നമ്മെ അധികം ഉപയോഗിക്കു ന്നതിന് മുഖാന്തരമായി ദൈവം പ്രയോജനപ്പെടുത്തും.

ഇത് എന്റെ സ്വന്ത അനുഭവത്തിൽ നിന്നുകൂടെയാണ് എഴുതുന്നത്. എന്റെ സേവനത്തിനു മദ്ധ്യേ പതിനെട്ടു മാസക്കാലം ഞാൻ രോഗിയായി കിടപ്പിലായിരുന്നു. പ്രാർത്ഥിച്ചും ദൈവത്തിന്റെ മുഖം അന്വേഷിച്ചുകൊണ്ടും ഞാൻ അവനെ കാത്തിരിക്കേണ്ടതിന് ദൈവം ഒരുക്കിയ ചങ്ങലയായിരുന്നു അത്. തുടർന്നു വേല ചെയ്യുവാൻ സാധ്യമാണോ എന്ന് ഞാൻ സംശയിക്കാതെയിരുന്നില്ല. എങ്കിലും ഞാൻ സംശയിച്ചു പിന്മാറിയില്ല. ദൈവഹിതത്തിന് ഞാൻ എന്നെ ത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്തു എങ്കിലും അവന്റെ സുവിശേഷം രാജ്യമെങ്ങും വ്യാപിക്കണമേ എന്ന് ഞാൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചു. ഒരു പ്രത്യേക രാജ്യത്തേയ്ക്കു തന്റെ വേലക്കാരെ അയയ്ക്കേണ്ടതിനു പ്രാർത്ഥിച്ചു. ഞാൻ എന്റെ രോഗ ക്കിടക്കയിൽ നിന്ന് എഴുന്നേൽക്കു ന്നതിനു മുമ്പു തന്നെ ദൈവം ആ പ്രാർത്ഥനയ്ക്കു മറുപടി തന്നു. ഒരു രാജ്യത്തുണ്ടായ ഉപദ്രവം നിമിത്തം അവിടെയുണ്ടായിരുന്ന ക്രിസ്ത്യാ നികൾ ഞാൻ ഏതൊരു സ്ഥലത്തി നുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരു ന്നുവോ അവിടേക്ക് ഓടിപ്പോയി. അവർ മുഖാന്തരം ആ സ്ഥലത്ത് സുവിശേഷം പ്രസംഗിക്കപ്പെട്ടു. അതിനാൽ ചങ്ങലകൾ നമ്മുടെ പ്രവർത്തനത്തിന് തടസ്സങ്ങളായി ത്തീരരുത്. നാം വിശ്വസ്തതയോടും ക്ഷമയോടും കൂടെ കാത്തിരിക്കു മെങ്കിൽ ദൈവം നമ്മുടെ ചങ്ങലക ളിൽനിന്നു വിടുവിക്കുകയും വിശാ ലമായ വയലിലേക്ക് അയയ്ക്കു കയും ചെയ്യും. പല ആത്മിക ഉണർ വ്വിന്റെയും ആരംഭം ഇപ്രകാരം ബന്ധിതരായിരുന്നു പ്രാർത്ഥിച്ച ദൈവമക്കളിലൂടെയാണ്. അതിനാൽ അപ്രകാരം ചെലവാക്കുന്ന കാല ങ്ങൾ ദൈവത്തിനു വേണ്ടി പ്രയോജ നപ്പെടുന്ന കാലങ്ങളാണ്. ദൈവ ത്തിനു പൗലൊസിനെ വിടുവിക്കാൻ കഴിയുമായിരുന്നു. എന്നാൽ ആ കാരാഗൃഹത്തിലിരുന്ന കാലങ്ങ ളിലും അവനെക്കൊണ്ടു ചെയ്യിക്കേ ണ്ട വേലയുണ്ടായിരുന്നു. (*തുടരും*)

# ഉൽക്കണ്ഠയ്ക്ക് മറുമരുന്ന്

"**എന്തെങ്കിലും** വാർത്ത കേട്ടു പെട്ടെന്ന് ഞെട്ടിപ്പോകാതിരിക്കാൻ എന്താണ് വേണ്ടത്?" ശിഷ്യൻ ഗുരുവിനോട് ചോദിച്ചു. ഒറ്റ വാചകത്തിൽ ഗുരു മറുപടി നൽകി. – "അപ്രതീക്ഷിതമായത് എപ്പോഴും പ്രതീക്ഷിക്കുക."

ശരിയാണ്. ജീവിതത്തിലൊരിക്കലും പ്രതീക്ഷിക്കാത്തത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ജീവിതത്തിന്റെ ഈ അനിശ്ചിതത്വമാണ് പലരെയും അസ്വസ്ഥരാക്കുന്നത്. എന്താണ് സംഭവിക്കുക എന്ന് അറിയാത്ത ഭാവിയും മുൻപിലുള്ള അനിശ്ചിതമായ ദിവസങ്ങളും. അവ നൽകുന്ന ഉൽക്കണ്ഠകൾക്കും പിരിമുറക്കങ്ങൾക്കും മുകളിലായി നിൽക്കാൻ എങ്ങനെ കഴിയും? – ദൈവവിശ്വാസികൾ പോലും പലപ്പോഴും ചോദിക്കാറുണ്ട്. ഇതിനു മറുപടിയായി നമ്മുടെ ഉൽക്കണ്ഠകൾക്കുള്ള മറുമരുന്ന്, നമ്മെ സ്നേഹിക്കുന്ന ദൈവത്തിനു മുമ്പാകെയുള്ള സമർപ്പണവും കീഴടങ്ങലുമാണെന്ന് പറഞ്ഞത് പ്രശസ്ത പ്രഭാഷകനും ഗ്രന്ഥകർത്താവും മിഷണറിയുമായിരുന്ന സ്റ്റാൻലി ജോൺസാണ്.

**വിലയേറിയ മുത്ത്**

'പൂർണ സമർപ്പണം' എന്ന പ്രയോഗം പലരേയും ഭയപ്പെടുത്തുന്നു എന്ന വസ്തുതയാണ് ഒരു സമർപ്പണത്തിൽനിന്ന് അവരെ അകറ്റി നിർത്തുന്നത്. പൂർണ സമർപ്പണം നടത്തിയാൽ നമ്മുടെ ജീവിതം നമ്മുടേതല്ലാതെയായി പോകുമെന്നും ജീവിതത്തിന്റെ എല്ലാ രസവും നഷ്ടമാകുമെന്നും അവർ പേടിക്കുന്നു. എന്നാൽ ദൈവത്തെ അവിടുന്ന് ആയിരിക്കുന്നതുപോലെ തിരിച്ചറിയാത്തതാണ് ഈ പേടിയുടെ കാരണം. നാം നമ്മെ പൂർണമായി ദൈവത്തിനു നൽകിയാൽ അതുവച്ച് നമ്മെ മുതലെടുക്കുമെന്ന അബോധപൂർവമായ ഭയത്തിന്റെ തടവുകാരാണ് പലരും.

വാസ്തവത്തൽ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സ്നേഹവാനായ ഒരു പിതാവാണ്. എങ്കിൽ ഇങ്ങനെ സങ്കൽപ്പിക്കുക: ഒരു ദിവസം നിങ്ങളുടെ ഏഴു വയസ്സുകാരനായ മകൻ നിങ്ങളുടെ മടിയിൽ കയറിയിരുന്ന് കഴുത്തിൽ കെട്ടിപ്പിടിച്ച് ഇങ്ങനെ പറയുന്നുവെന്നിരിക്കട്ടെ: 'ഇത്രയും നാൾ ഡാഡി പറയുന്നതു കേൾക്കാതെ, അനുസരിക്കാതെ, ഞാൻ നടന്നു. ഇനി മുതൽ പൂർണമായി ഡാഡിയെ അനുസരിച്ചു ജീവിക്കാമെന്നാണു ഞാൻ കരുതുന്നത്. '

ഇതു കേട്ടാൽ നിങ്ങൾ എന്തു ചെയ്യും? 'ആഹാ ഒടുവിൽ ഇവനെ

എന്റെ കയ്യിൽ കിട്ടി. ഇനി എനിക്ക് ഇവനെ പരമാവധി അനുസരിപ്പിക്കുകയും ഇവനെ വച്ചു മുതലെടുക്കുകയും ചെയ്ത് ഇവന്റെ ജീവിതം അങ്ങേയറ്റം ദുസ്സഹമാക്കി മാറ്റണം' – ഇങ്ങനെയാണോ നിങ്ങൾ ചിന്തിക്കുക? ഇല്ല, നിങ്ങൾ ഒരു പിതാവാണെങ്കിൽ ഒരിക്കലും അങ്ങനെ ചിന്തിക്കുകയില്ല. മറിച്ച് അവനെ നിങ്ങൾ സന്തോഷത്തോടെ ആലിംഗനം ചെയ്യും. അവന്റെ തുടർന്നുള്ള ജീവിതം ഏറ്റവും സന്തോഷഭരിതമാക്കാൻ നിങ്ങളെക്കൊണ്ടു കഴിയുന്നതെല്ലാം നിങ്ങൾ ചെയ്യും. ഇല്ലേ? അങ്ങനെയെങ്കിൽ സ്വർഗ്ഗീയ പിതാവ് സമ്പൂർണമായി തനിക്കു കീഴടങ്ങാൻ തയ്യാറാകുന്ന മകനെ മുതലെടുക്കാനും അവന്റെ ജീവിതത്തിന്റെ രസം നഷ്ടപ്പെടുത്താനും തയ്യാറാകുമോ?

സമ്പൂർണ സമർപ്പണത്തിലൂടെ കൈവരുന്ന സ്വസ്ഥതയുടേയും ദൈവാനുഭവത്തിന്റെയും വില മനസ്സിലാക്കാത്തതാണ് അതിനു തയ്യാറാകാത്തതിനുള്ള രണ്ടാമത്തെ കാരണം. സമ്പൂർണ സമർപ്പണം നൽകുന്ന ദൈവാനുഭവത്തെ വില തീരാത്ത ഒരു നിധിയോടും വില മതിക്കാനാകാത്ത ഒരു മുത്തിനോടും തന്റെ പ്രഭാഷണത്തിനിടയിൽ യേശു ഒരിക്കൽ ഉപമിച്ചു:"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സദൃശം. അത് ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങി. പിന്നെയും സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തി ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് അതു വാങ്ങി." തനിക്കുള്ളതൊക്കെയും വിൽക്കുക – സമ്പൂർണ സമർപ്പണമാണിത്.

സമ്പൂർണ സമർപ്പണത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കാൻ 'ശിഷ്യത്വത്തിലേക്കുള്ള വിളി' എന്ന തന്റെ പുസ്തകത്തിൽ ജുവാൻ കാർലോസ് ഓർട്ടിസ് എന്ന എഴുത്തുകാരൻ ഒരു രംഗം നാടകീയമായി ഇങ്ങനെ വിവരിക്കുന്നുണ്ട്. സമ്പൂർണ സമർപ്പണത്തിലൂടെ കൈവരുന്ന സ്വസ്ഥതയും ദൈവാനുഭവവും വില മതിക്കാനാകാത്ത ഒരു മുത്താണെന്നു മനസ്സിലാക്കി അതു വാങ്ങാൻ ഒരുവൻ വരുന്നതാണു രംഗം.

അവൻ ഇങ്ങനെ ചോദിക്കും: 'എനിക്ക് ഈ മുത്തുവേണം. ഇതിന് എന്തു വിലയാകും'?

വിൽപനക്കാരൻ: 'ഓ, ഇതു വളരെ വിലപിടിച്ചതാണ്. വലിയ വിലയാണിതിന്.'

'എനിക്കിതു വാങ്ങാൻ കഴിയുമോ'?

'തീർച്ചയായും ആർക്കും ഇത് വാങ്ങാം.'

'ഇതിന് വലിയ വിലയാണെന്നു താങ്കൾ പറയുന്നു. അതേ സമയം ഇത് ആർക്കും വാങ്ങാൻ കഴിയുമെന്നും പറയുന്നു. ഇതു രണ്ടും കൂടി എങ്ങനെയാണ് യോജിച്ചു പോകുന്നത്'?

'ഇതിന്റെ വില എന്നു പറയുന്നത് നിങ്ങൾക്കുള്ളതെല്ലാമാണ്. കൂടുതലുമില്ല. കുറവുമില്ല. അതുകൊണ്ടു തന്നെ സമ്പൂർണമായി നൽകാൻ തയ്യാറുള്ള ആർക്കും ഇതു വാങ്ങാം.'

'എങ്കിൽ ഞാനിതു വാങ്ങാം.'

'ആട്ടെ, നിങ്ങൾക്ക് എന്തെല്ലാമുണ്ട്? നമുക്ക് അവയെല്ലാം ഒന്നെഴുതി നോക്കാം.'

'എനിക്കു പതിനായിരം രൂപ

**എല്ലാം പഴയതുപോലെ ഉപയോഗിക്കുന്നുണ്ട്, പക്ഷേ ഇവയൊന്നും നമ്മുടേതല്ല. ഉടമസ്ഥതാബോധമാണു മിക്ക ഉൽക്കണ്ഠകൾക്കും കാരണം. തനിക്കുള്ളതെല്ലാം വാസ്തവത്തിൽ തനിക്കുള്ളതല്ലെങ്കിൽ, അതേച്ചൊല്ലി എന്തിന് ഉൽക്കണ്ഠ? നാം പോലും നമുക്കുള്ളവരല്ലെങ്കിൽ എത്ര സ്വാതന്ത്ര്യം! സെയ്ന്റ് പോൾ ഇക്കാര്യം അടിവരയിട്ടു പറയുന്നത് ഇങ്ങനെ: 'നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല'**

ബാങ്കിലുണ്ട്.'

'കൊള്ളാം, പതിനായിരം രൂപ. അതെഴുതി. വേറെ എന്തുണ്ട്'?

'വേറെയൊന്നുമില്ല, ഇത്രയു മേയുള്ളു.'

'ഇത്രയും മതി! ശരി, പോക്കറ്റി ലെന്താ കിടക്കുന്നത്'?

'ശരിയാ, പോക്കറ്റിൽ കുറച്ചു പണമുണ്ട്.'

'അതെത്രയാ'?

'നോക്കട്ടെ,, മുപ്പത്, നാൽപത്, അമ്പത്, എൺപത്, നൂറ്, നൂറ്റിയി രുപത്. മൊത്തം നൂറ്റിയിരുപതു രൂപ.'

'അപ്പോൾ 120 രൂപ. അതു ചേർത്തു. ഇനി എന്താ ഉള്ളത്?'

'ഇനി ഒന്നുമില്ല. ഇത്രയുമാണ് ആകെയുള്ളത്.'

'ആട്ടെ. നിങ്ങൾ എവിടെയാണു താമസിക്കുന്നത്?'

'ഞാനോ? ഞാൻ എന്റെ വീട്ടിൽ.'

'അപ്പോൾ സ്വന്തമായി വീടുണ്ട്. അതും വേണം.'

'അയ്യോ! അപ്പോൾ പിന്നെ കാർ ഷെഡിൽ താമസിക്കാനോ?'

'ഓഹോ! അപ്പോൾ കാർ ഷെഡുണ്ട്. അതും ലിസ്റ്റിൽ ചേർക്കാം.'

'അപ്പോൾ ഞാൻ കാറിൽ താമസിക്കാനോ?'

'ഓ, നിങ്ങൾക്കൊരു കാറുണ്ടോ?'

'ഒന്നല്ല, രണ്ടു കാറുകളുണ്ട്.'

'എങ്കിൽ രണ്ടു കാറുകളും വേണം. വേറെ എന്താ?'

'ഇനി ഒന്നുമില്ല.'

'ആട്ടെ, നിങ്ങൾക്കു കുടുംബ മില്ലേ?'

'ഉണ്ട്. ഭാര്യയുണ്ട്. രണ്ടു കുട്ടി കളുണ്ട്.'

'എങ്കിൽ അവരെയും വേണം. ഇനി ആരുണ്ട്?'

'ഇനി ആരുമില്ല. ഞാൻ മാത്രം അവശേഷിച്ചു.'

'പേടിക്കേണ്ട. നിങ്ങളെയും വേണം. അപ്പോൾ എല്ലാമായി. നിങ്ങളുടേതെല്ലാം എന്റേതായി: ഭാര്യ, കുട്ടികൾ, വീട്, കാർഷെഡ്, കാറുകൾ, പണം, നിക്ഷേപം, ഒടുവിൽ നിങ്ങളും. ശരി, ഇനി ഇവയെല്ലാം തന്നെ നിങ്ങൾക്കു പഴയതുപോലെ ഉപയോഗിക്കാം. എന്നാൽ ഇവയെല്ലാം എന്റേതാ ണെന്നും ഞാൻ മാത്രമാണ് ഇതിന്റെ ഉടമസ്ഥനെന്നും മറന്നു പോകരുത്. ഇവയിൽ ഏതും എപ്പോൾ വേണമെങ്കിലും ഞാൻ ചോദിക്കും. അപ്പോൾ തിരിച്ചു തന്നേക്കണം. ആട്ടെ, ഇനി വിലയേറിയ മുത്ത് എടുത്തുകൊള്ളു."

ആ വിലയേറിയ മുത്ത് വാങ്ങാൻ അവൻ തനിക്കുള്ളതൊക്കെയും

നൽകി. ഇനി ഒന്നും സ്വന്തമായില്ല. ആ മുത്തിന് അവൻ കൊടുത്ത വില തന്നെത്തന്നെയും തനിക്കുള്ള മുഴുവനെയുമാണ്. എന്നാൽ തുടർന്നുള്ള ജീവിതമോ? അവൻ തന്റെ ജീവിതത്തിന്റെ മേലുള്ള ഉടമസ്ഥാവകാശം കൈമാറ്റം ചെയ്തു എന്നതു ശരിയാണ്. എന്നാൽ എല്ലാം അവനു പഴയതു പോലെ ഉപയോഗിക്കാം.

എല്ലാം വിറ്റു, പക്ഷേ അവയെല്ലാം വീണ്ടും സ്വന്തംപോലെ ഉപയോഗിക്കാം. ഇതൊരു കടങ്കഥ പോലെ തോന്നാം. ബൈബിളിൽ ഇതു പോലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. വലിയ ദൈവഭക്തനായിരുന്ന അബ്രഹാമിന് വാർധക്യകാലത്ത് ഒരു മകനുണ്ടായി - ഇസ്ഹാക്ക്. ഒരേയൊരു മകൻ. ആ മകനെ അബ്രഹാം പ്രാണനെപ്പോലെ സ്നേഹിക്കുന്ന കാലത്ത് ദൈവത്തിന്റെ കല്പന ഉണ്ടായി. 'നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ പുത്രനെ മോറിയാമലയിൽ കൊണ്ടു ചെന്നു യാഗം കഴിക്കണം'. അബ്രഹാം ഞെട്ടിപ്പോയി. ദൈവം നരബലി നടത്താൻ വശ്യപ്പെടുന്നോ? അതും തന്റെ ഏകജാതനായ മകനെ താൻ തന്നെ ബലിയർപ്പിക്കണമെന്നോ?

ഒടുവിൽ ഏറെ വേദനയോടെയാണെങ്കിലും അബ്രഹാം ദൈവകല്പന അനുസരിക്കാൻ തയ്യാറായി. പക്ഷേ ഇസ്ഹാക്കിനെ യാഗപീഠത്തിൽ കിടത്തി അവനെ വെട്ടുവാൻ കത്തിയോങ്ങിയ നേരം ദൈവം അബ്രഹാമിനെ തടഞ്ഞു - 'മതി. ബാലനെ കൊല്ലരുത്. നീ എന്നെ അനുസരി ക്കാൻ തയ്യറായതിൽ ഞാൻ നിന്നിൽ പ്രീതനായിരിക്കുന്നു. നിന്റെ മകനെ നീ തന്നെ വളർത്തിക്കൊള്ളുക.'

ആ മകനെ വീണ്ടും അബ്രഹാം തന്നെ വളർത്തി. പക്ഷേ ഇപ്പോൾ അബ്രഹാമിന് മകനോടുള്ള ബന്ധത്തിൽ ദൈവത്തോടുള്ളതിനേക്കാൾ കവിഞ്ഞ സ്നേഹമില്ല. അവൻ തന്റേതാണ്, എന്നാൽ തന്റേതല്ല. മകനേക്കുറിച്ചു പഴയ ഉടമസ്ഥതാബോധമില്ല. കാരണം മോറിയാ മലയിൽ അക്ഷരാർത്ഥത്തിലല്ലെങ്കിലും മനസ്സുകൊണ്ട് അവനെ ബലി അർപ്പിച്ചു കഴിഞ്ഞിരുന്നല്ലോ.

ഇതാണു പൂർണ സമർപ്പണം നൽകുന്ന സ്വാതന്ത്ര്യവും സമാധാനവും. എല്ലാം പഴയതുപോലെ ഉപയോഗിക്കുന്നുണ്ട്, പക്ഷേ ഇവയൊന്നും നമ്മുടേതല്ല. ഉടമസ്ഥതാബോധമാണു മിക്ക ഉൽക്കണ്ഠകൾക്കും കാരണം. തനിക്കുള്ളതെല്ലാം വാസ്തവത്തിൽ തനിക്കുള്ളതല്ലെങ്കിൽ, അതേച്ചൊല്ലി എന്തിന് ഉൽക്കണ്ഠ? നാം പോലും നമുക്കുള്ളവരല്ലെങ്കിൽ എത്ര സ്വാതന്ത്ര്യം! സെയ്ന്റ് പോൾ ഇക്കാര്യം അടിവരയിട്ടു പറയുന്നത് ഇങ്ങനെ: 'നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല' (1 കൊരിന്ത്യർ 6:19).

ഉവ്വ്, നമ്മുടെ എല്ലാ ഉൽക്കണ്ഠകൾക്കുമുള്ള മറുമരുന്ന്, നമ്മെ സ്നേഹിക്കുന്ന ദൈവത്തിനു മുൻപാകെയുള്ള സമ്പൂർണമായ സമർപ്പണമാണ്. തനിക്കുള്ളതെല്ലാം വിറ്റ് വിലയേറിയ മുത്തു സ്വന്തമാക്കിയ വ്യാപാരിയുടെ കഥ വിരൽ ചൂണ്ടുന്ന ഈ സത്യം നമ്മെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമായാൽ അപ്രതീക്ഷിതമായ സംഭവങ്ങൾ നമ്മെ ഭയപ്പെടുത്തുകയില്ല.

(*തുടരും*)

ചിന്തയ്ക്ക്

**ദൈവത്തോടൊപ്പം നടക്കുന്നവനോ?**

(കഴിഞ്ഞ ലക്കം തുടർച്ച...)

# 'ദുരുപദേഷ്ടാവ്' എന്ന ആക്ഷേപത്തിനു പിന്നിൽ

**പൗലൊസ്**

പുതിയ ഉടമ്പടിയിൻ കീഴിൽ എവിടെയെങ്കിലുമുള്ള ഏതെങ്കിലുമൊരു മനുഷ്യനെ മാത്രമല്ല, തന്റെ എല്ലാ മക്കളെയും ഉപയോഗിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. എങ്കിലും എല്ലാ വിശ്വാസികളും പുതിയ ഉടമ്പടിയുടെ വ്യവസ്ഥ അനുസരിച്ച് ജീവിക്കുന്നെങ്കിൽ മാത്രമേ ഇത് സാധ്യമാകുകയുള്ളു.

അപ്പൊസ്തലന്മാരുടെ കാലം മുതൽ തന്നെ നാം കാണുന്നത് വളരെ ചുരുക്കം വിശ്വാസികൾ മാത്രമേ പുതിയ ഉടമ്പടിയിൽ പ്രവേശിക്കുന്നുള്ളു എന്നാണ്. എന്നാൽ ഭൂരിപക്ഷം വിശ്വാസികളും പാപത്തോടു തോറ്റ ജീവിതം നയിക്കുന്നവരും ഭൗതികൈശ്വര്യ പ്രധാനമായ ഒരു സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരുമാണ്. തങ്ങൾക്കും ക്രിസ്തുവിനുമിടയിൽ മദ്ധ്യസ്ഥനായി ഒരു പാസ്റ്ററെയും അവർക്കാവശ്യമാണ്. പല വിധത്തിലും ഇപ്പോഴും അവർ പഴയ നിയമത്തിലെ യിസ്രയേൽ ജനതയെപ്പോലെ തന്നെ ജീവിച്ചു പോരുകയും ചെയ്യുന്നു.

ഈ കാരണത്താൽ പല സാഹചര്യങ്ങളിലും പഴയ നിയമകാലത്തെന്നപോലെ തന്റെ സഭയിൽ സാത്താൻ കടക്കാതെ അവനെ പുറത്തു നിർത്തുന്നതിലേക്ക് ദൈവം വീണ്ടും ഒറ്റയൊറ്റ മനുഷ്യരെ ആശ്രയിക്കേണ്ടി വരുന്നു.

എഫേസോസിലെ സഭയിൽ എന്താണ് സംഭവിച്ചതെന്ന് ആലോചിക്കുക. പൗലൊസ് മറ്റേതു സഭയിലും ചെലവഴിച്ചതിലും അധികം സമയം അവിടെ ചെലവഴിച്ചു. മൂന്നു വർഷക്കാലത്തേയ്ക്ക് ഓരോ ദിവസവും അദ്ദേഹം ദൈവത്തിന്റെ മുഴുവൻ ആലോചനയും വ്യക്തമാക്കിക്കൊണ്ട് അവിടെ പ്രസംഗിച്ചു (അപ്പൊ.20:31). ഇങ്ങനെ എല്ലാ സഭകളിലും വച്ച് ഏറ്റവും അധികം ഭാഗ്യം ലഭിച്ച ഒരു സഭയായിരുന്നു അവിടെയുണ്ടായിരുന്നത്. അവരുടെ പേർക്ക് പൗലൊസ് എഴുതിയ ലേഖനത്തിലെ ഉപദേശങ്ങളുടെ ഉയർന്ന നിലവാരം നോക്കിയാൽ ആത്മീയവീക്ഷണം ഉണ്ടായിരുന്ന ഒരു സഭയായിരുന്നു അതെന്നും വ്യക്തമാകും. അതുകൊണ്ട് കൂടുതൽ ആളുകൾ പുതിയനിയമ വ്യവസ്ഥയിലുള്ള ജീവിതത്തിലേക്ക് കടക്കുവാൻ സാധ്യതയുള്ള ഏതെങ്കിലുമൊരു സഭയുണ്ടായിരുന്നെങ്കിൽ അത് എഫേസോസിലെ സഭയായിരുന്നു. എന്നാൽ കഷ്ടം തന്നെ! വാസ്തവം അപ്രകാരമായി

രുന്നില്ല. അവിടുത്തെ സഭാ മൂപ്പന്മാർ പോലും അത്തരമൊരു ജീവിതത്തിലേക്കു കടന്നിരുന്നില്ല.

താൻ ഈ മൂപ്പന്മാരെ വിട്ടു പോരുന്ന സമയത്ത് പൗലൊസ് അവരോട് ഇപ്രകാരം പറഞ്ഞു:‘‘ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെയിടയിൽ കടക്കുമെന്ന് ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും" (അപ്പൊ.20:29,30).

പൗലൊസ് സ്വയം എഫേസോസിൽ സന്നിഹിതനായിരുന്ന കാലത്തോളം ഒരു ചെന്നായ്ക്കും അവിടെ കടക്കുക സാധ്യമായിരുന്നില്ല. കാരണം, പൗലൊസ് ആട്ടിൻകൂട്ടത്തെ ജാഗ്രതയോടെ സൂക്ഷിക്കുന്ന ഒരിടയനും കർത്താവിന്റെ ഭവനത്തിന്റെ തീക്ഷ്ണതയുള്ള ഒരു കാവൽക്കാരനുമായിരുന്നു. പൗലൊസ് അവിടെയുണ്ടായിരുന്ന കാലത്തോളം സ്വന്തം താല്പര്യം അന്വേഷിച്ചിരുന്ന മൂപ്പന്മാർക്കുപോലും ഒരൊറ്റ ശിഷ്യനെ പോലും തങ്ങളുടെ പിന്നാലെ വലിച്ചുകൊണ്ടുപോകുവാൻ സാധിച്ചില്ല. പൗലൊസിന്റെ മുമ്പിൽ അവരെല്ലാം ശക്തിഹീനരായിരുന്നു.

ഈ മൂപ്പന്മാരുടെ ആത്മീയ നിലവാരം പൗലൊസിനറിയാമായിരുന്നു. അതിനാൽ താൻ എഫേസോസ് വിട്ട ഉടൻ തന്നെ ചെന്നായ്ക്കളും സ്വാർത്ഥ തല്പരരായ മൂപ്പന്മാരും സഭയെ തകിടം മറിക്കുമെന്നും അവിടെയുള്ള കർത്താവിന്റെ സാക്ഷ്യം ദുഷിച്ചു പോകുമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. മുപ്പത് വർഷം കഴിഞ്ഞുള്ള എഫേസോസിലെ സഭ ഭയാനകമാം വിധം പിന്മാറ്റത്തിലായിപ്പോയതായി വെളി.2:17–ൽ നാം കാണുന്നു.

എഫേസോസിലെ സഭയിൽ നിന്ന് അതിന്റെ ആദ്യത്തെ മൂന്നു വർഷക്കാലം സാത്താനെ പുറത്തു നിർത്തിയതാരായിരുന്നു? **പൗലൊസ് എന്ന ഒരേയൊരു മനുഷ്യൻ**. പൗലൊസ് ദൈവത്തിന്റെ കൺമുമ്പിൽ മാത്രം ജീവിച്ചിരുന്നതിനാൽ സാത്താന് അദ്ദേഹത്തിന്റെമേൽ ഒരധികാരവും ഉണ്ടായിരുന്നില്ല. അവൻ പൗലൊസിനെ ഭയപ്പെട്ടിരുന്നു. എന്നാൽ എഫേസോസിലെ മറ്റെല്ലാ മൂപ്പന്മാരെയും തനിക്ക് അനായാസം കൈകാര്യം ചെയ്യാമെന്ന് സാത്താൻ അറിഞ്ഞിരുന്നു.

കഴിഞ്ഞ ഇരുപത് ശതാബ്ദങ്ങളിൽ ക്രൈസ്തവ ലോകത്തിൽ സത്യം പുന:സ്ഥാപിക്കാൻ ദൈവം ആരംഭിച്ച എല്ലാ പ്രസ്ഥാനങ്ങളുടെയും കഥ ഈ വിധത്തിൽ തന്നെയായിരുന്നു. ശതാബ്ദങ്ങളായി മറഞ്ഞുകിടന്ന തിരുവചന സത്യങ്ങളെ സഭയിൽ പുന:സ്ഥാപിക്കുവാൻ ദൈവം ഒരു മനുഷ്യനെ ഒരു പ്രത്യേക സ്ഥലത്ത് എഴുന്നേൽപ്പിക്കുന്നു. ആ മനുഷ്യന് ദൈവം രഹസ്യത്തിൽ പരിശീലനം നൽകുകയും പിന്നീട് അദ്ദേഹത്തെ പരസ്യമായ ഒരു ശുശ്രൂഷയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഭൂരിപക്ഷം വിശ്വാസികളും അദ്ദേഹത്തെ നിന്ദിക്കുകയും ‘ദുരുപദേഷ്ടാവ്’ എന്നു പറഞ്ഞ് ആക്ഷേപിക്കുകയും കള്ള പ്രവാചകനെന്ന് മുദ്രയടിച്ച് പുറംതള്ളുകയും ചെയ്യുന്നു. എന്നാൽ കേൾപ്പാൻ ചെവിയും

▶ ശേഷം പേജ് 35



ബൈബിളിലൂടെ...

# 2 തെസ്സലോനിക്യർ

## അന്ത്യകാലത്തെ അപകടങ്ങൾ

**പൗലൊസ്** തെസ്സലോനിക്യർക്ക് എഴുതിയിരിക്കുന്ന ഈ രണ്ടാം ലേഖനം കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചു കൂടി പ്രതിപാദിക്കുന്നതാണ്. ഒന്നാം ലേഖനം കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രത്യാശ നൽകി അവരെ ആശ്വസിപ്പിക്കുവാനുള്ളതായിരുന്നു. രണ്ടാം ലേഖനം കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള അവരുടെ ഇടയിലെ തെറ്റിദ്ധാരണകളും ശരിയല്ലാത്ത ആശയങ്ങളും തിരുത്തുവാനുദ്ദേശിച്ചുള്ളതായിരുന്നു.

ഒന്നാം ലേഖനത്തിൽ കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി ഒരുങ്ങുവാൻ പൗലൊസ് തെസ്സലോനിക്യരെ ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ വന്നപ്പോൾ ചില ക്രിസ്ത്യാനികൾക്ക് ഇപ്രകാരം ഒരു ചിന്തയുണ്ടായി: “അങ്ങനെ കർത്താവിന്റെ വരവ്



*ഒടുവിൽ അവർ ദിവസം മുഴുവനും വെറുതെയിരിക്കുന്ന സ്ഥിതിയിലെത്തി. ഇന്നത്തെ അനേക സുവിശേഷകരെയും പോലെ.*

പെട്ടെന്നു സംഭവിക്കുമെങ്കിൽ നാം ജോലി ചെയ്തു സമയം കളയുന്ന തെന്തിനാണ്? നാം നമ്മുടെ ജോലി രാജിവച്ച് എല്ലായിടത്തും ആളുക ളോടു കർത്താവിന്റെ വരവിനെ ക്കുറിച്ചു പറയുകയല്ലേ വേണ്ടത്?" അങ്ങനെ അവർ ജോലിയൊന്നും ചെയ്യാതെ മടിയന്മാരായി തങ്ങളുടെ സമയം ചെലവഴിച്ചു. അവിടെ പൗലൊസിന് അവരുടെ തെറ്റിദ്ധാര ണകളെ തിരുത്തേണ്ടി വന്നു.

കർത്താവിന്റെ വരവിന്റെ തീയ തിയും ദിവസവും ഒക്കെ പ്രഖ്യാ പിച്ചുകൊണ്ട് ഏതെങ്കിലും മലമുകളി ലോ ഒക്കെ കാത്തിരിക്കുന്ന അന്ധാ രാധനാ സമൂഹങ്ങളെക്കുറിച്ച് (cults) നാം പത്രങ്ങളിലൊക്കെ കൂടെക്കൂടെ വായിക്കാറുണ്ട്. അത്തരം സമൂഹ ങ്ങളിലെ നേതാക്കന്മാർ തങ്ങളുടെ അനുയായികളെ വസ്തുവകകൾ വിൽക്കുവാൻ പ്രേരിപ്പിക്കയും ആ പണമൊക്കെ തങ്ങളുടെ പക്കൽ സമാഹരിക്കുകയും ചെയ്തിട്ടുള്ളവ രായിരിക്കും. ഈ അനുയായികൾ കാത്തിരിപ്പുകാലം കഴിയുമ്പോഴാണ് തങ്ങൾ കബളിക്കപ്പെട്ടിരിക്കുന്ന വിവരം അറിയുന്നത്.

യേശു പറഞ്ഞത് തന്റെ വരവിന്റെ നാളും നാഴികയും ഒരു മനുഷ്യനും അറിയുന്നില്ല എന്നാണ്. നമുക്ക് അതിന്റെ ലക്ഷണങ്ങൾ കൊണ്ട് നാളടുത്തിരിക്കുന്നുവെന്നു ഗ്രഹിക്കുവാൻ കഴിയും. യിസ്രയേൽ യെരുശലേമിനെ തിരിച്ചുപിടിക്കും (ലൂക്കോ.21:24). അങ്ങനെ കർത്താ വിന്റെ വരവ് സമീപമായിരിക്കുന്നു എന്നു നാം അറിയുന്നു. യെരുശ ലേമിനു ചുറ്റുമുള്ള പ്രദേശങ്ങൾ പ്രശ്നകലുഷിതമായിരിക്കും (ലൂക്കോ.21:20). അതുകൊണ്ട് കർത്താവിന്റെ വരവ് സമീപമാ യിരിക്കുന്നു എന്നു നാം അറിയുന്നു. എന്നാൽ കാലങ്ങളും സമയങ്ങളും അറിയുന്നതു നമുക്കുള്ളതല്ല (അ.പ്ര.1:27). അതുകൊണ്ട് ജോലി രാജിവച്ച് മലകളിൽ കാത്തിരി ക്കേണ്ടതില്ല. കർത്താവ് മടങ്ങിവരു മെന്ന് പറഞ്ഞിട്ട് 2000 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. തെസ്സലോനി ക്യരുടെ ധാരണാപ്പിശകുകളെ അന്നു പൗലൊസ് തിരുത്തിയിരുന്നില്ലെ ങ്കിൽ അവർ മരണം വരെ പട്ടിണി കിടക്കേണ്ടി വരുമായിരുന്നു. നാം അവരെപ്പോലെ ബുദ്ധിഹീനരാ കുവാൻ പാടില്ല.

1:4-ൽ കഷ്ടങ്ങളുടെ നടുവിലും വിശ്വസ്തരായിരിക്കുവാൻ പൗലൊസ് വിശ്വാസികളെ ആഹ്വാ നം ചെയ്യുന്നു. തങ്ങൾ ദൈവരാജ്യ ത്തിന് യോഗ്യരാണെന്നു തെളിയി ക്കേണ്ടത് ഉപദ്രവത്തിന്റെ നടുവിൽ വിശ്വസ്തതയും സഹിഷ്ണതയും കാട്ടിക്കൊണ്ടാണ് (1:5). ഇതേ സമയം തന്നെ അവിശ്വാസികളെ ദൈവം നീതിയോടെ ന്യായം വിധി ക്കുന്നു എന്നതിന് അതു തെളിവു മാകും. തന്റെ മക്കളെ പീഡിപ്പി ക്കുന്നവരെ ദൈവം ഒരു നാൾ പീഡിപ്പിക്കും, നീതിയോടെ. കർ ത്താവു വരുമ്പോൾ അവർക്കു പീഡനങ്ങളിൽ നിന്നും വിടുതലും ആശ്വാസവും ലഭിക്കുമെന്നു പൗലൊ സ് അവരോടു പറഞ്ഞു. അതിനർ ത്ഥം കർത്താവിന്റെ വരവു വരെയും പീഡനം തുടരുമെന്നാണ് (1:7).

പൗലൊസ് ഇതെഴുതുമ്പോൾ 2000 വർഷത്തെ സഭയുടെ ചരിത്രം ക്രിസ്ത്യാനികൾക്ക് എല്ലായിടത്തും പീഡനങ്ങളും കഷ്ടവും നിറഞ്ഞ താകുമെന്ന് അറിഞ്ഞിരുന്നില്ല. പരിശുദ്ധാത്മാവു തനിക്കു നൽകിയ തൊക്കെയും എഴുതുക മാത്രമാണ്

അദ്ദേഹം ചെയ്തത്. ഇന്നും ക്രിസ്ത്യാനികൾ എങ്ങും പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 1900 വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതിനെക്കാൾ ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി ആളുകൾ കൊല്ലപ്പെട്ടിരിക്കുന്നത് ഇക്കഴിഞ്ഞ നൂറു വർഷങ്ങളിലാണ് എന്നു ഞാൻ വായിച്ചതോർക്കുന്നു. അധികം പീഡനങ്ങളും അറിയപ്പെടാതെ പോകുന്നു. എന്നാൽ കർത്താവു വരുമ്പോൾ "ദൈവത്തെ അറിയാത്തവർക്കും ക്രിസ്തുവിനെ അനുസരിക്കാത്തവർക്കും'' ന്യായവിധി നടത്തും (1:8). ആ നാളിൽ കർത്താവു തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടും (1:10).

അതുകൊണ്ട് നാം വിശ്വസ്തരെങ്കിൽ കർത്താവിന്റെ വരവുവരെയും പീഡനം പ്രതീക്ഷിക്കണം. അക്രൈസ്തവർ മാത്രമായിരിക്കില്ല നമ്മെ പീഡിപ്പിക്കുക. നമ്മുടെ ബന്ധുക്കളും നാമധേയ ക്രൈസ്തവരും ഒക്കെ അക്കൂട്ടത്തിലുണ്ടാകും. വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ ഓഹരിയാണത്. കാരണം കരയിൽ വീണ മത്സ്യത്തെപ്പോലെയാണ് നാമിന്ന്. ഈ ലോകം നമ്മുടെ ഭവനമല്ല. അതുകൊണ്ടു തന്നെ നാം ഇതിന്റെ വ്യവസ്ഥിതികളുമായി സംഘർഷത്തിലാണ്. നാം ഇവിടെ അന്യരും പരദേശികളുമാണ്. സാത്താന്റെ വ്യവസ്ഥിതിക്ക് നാം ഒരു ഭീഷണിയുമാണ്. അതുകൊണ്ട് അവൻ നമ്മെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ ലോകത്തിന്റെ സ്നേഹിതന്മാരെങ്കിൽ അതു നിങ്ങളെ ഉപദ്രവിക്കില്ല. എന്നാൽ അപ്പോൾ നിങ്ങൾക്കൊരിക്കലും കർത്താവിന്റെ സാക്ഷികളാകാൻ കഴികയില്ല.

**അന്തിക്രിസ്തുവിന്റെ വരവ്**

കർത്താവിന്റെ വരവിനെ സംബന്ധിച്ച തെറ്റായ ധാരണകൾ തിരുത്തുന്നത് രണ്ടാം അദ്ധ്യായത്തിൽ പൗലൊസ് തുടരുന്നു: 'കർത്താവു വരുന്നു എന്ന മട്ടിലുള്ള ദർശനങ്ങളോ സന്ദേശങ്ങളോ ലഭിച്ചു എന്ന നിലയിൽ ആരെങ്കിലും പറയുന്നതു കേട്ട് നിങ്ങൾ ഇളകിപ്പോകരുത്. അവരെ വിശ്വസിക്കരുത്.' ഇങ്ങനെയുള്ള അവകാശ വാദങ്ങൾ ആളുകൾ ഇക്കാലത്തും നടത്തുന്നതുകൊണ്ട് ഈ മുന്നറിയിപ്പു നമുക്കും വളരെ പ്രസക്തമാണ്. അവരെ വിശ്വസിക്കരുത്. ദൈവവചനം നമുക്ക് വഴി കാട്ടിയായിട്ടുണ്ട്. അതു മതി.

അക്കാലത്ത് പൗലൊസിന്റെ പേരുവച്ച് വ്യാജലേഖനങ്ങളും കത്തുകളും ആളുകൾ അയയ്ക്കുന്ന പതിവുണ്ടായിരുന്നു. അക്കാലത്ത് നമുക്കുള്ളതുപോലെ പുതിയനിയമം ആളുകളുടെ കയ്യിലുണ്ടായിരുന്നില്ല.

'കർത്താവിന്റെ നാൾ വന്നിരിക്കുന്നു' എന്ന മട്ടിലുള്ള പ്രസ്താവനകൾ കേട്ട് നിങ്ങൾ സംഭ്രമിക്കരുത്" - പൗലൊസ് വിശ്വാസികളെ പ്രബോധിപ്പിച്ചു. അതായത് പൗലൊസ് പറഞ്ഞത് ഇങ്ങനെയായിരുന്നു: "യേശു രഹസ്യത്തിൽ വന്ന് തന്റെ വിശുദ്ധന്മാരെ ചേർത്തുകൊണ്ടു പോയി" എന്ന മട്ടിൽ പറഞ്ഞ് ആരും നിങ്ങളെ ചതിക്കരുത്. കർത്താവിന്റെ വരവ് ഒരിക്കലും അങ്ങനെ ആയിരിക്കില്ല. ഒന്നാമതായി അനേകർ ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുന്ന ഒരവസ്ഥ സംജാതമാകും. അതിനു ശേഷം മാത്രമേ കർത്താവിന്റെ വരവ് സംഭവിക്കൂ. ആ കൊഴിഞ്ഞുപോക്ക് - വിശ്വാസത്യാഗം - നടന്നുകൊണ്ടിരിക്കുന്ന

ഒരു കാലഘട്ടമാണിത്. അതു മാത്രമല്ല കർത്താവിന്റെ വരവിനു മുമ്പ് അധർമ്മമൂർത്തിയായ എതിർ ക്രിസ്തു വെളിപ്പെടുകയും വേണം (2:3). അധർമ്മമൂർത്തി പ്രത്യക്ഷപ്പെടുകയും മഹാപീഡനത്തിന്റെ കാലം പൂർത്തിയാവുകയും ചെയ്യേണ്ടതുണ്ട്. പുതിയനിയമത്തിലുടനീളം നാം വായിക്കുന്നതു കർത്താവിന്റെ വരവ് മഹാപീഡനത്തിനു ശേഷമായിരിക്കുമെന്നു തന്നെയാണ്. അവിടുന്ന് വരുമ്പോൾ എല്ലാവരും തന്നെ കാണും (മത്താ.24:27-31).

രണ്ടാമദ്ധ്യായം 'കർത്താവിന്റെ നാളിനെ'ക്കുറിച്ചു തന്നെ പറയുന്നു - അതാണ് ക്രിസ്തുവിന്റെ മടങ്ങിവരവ്. കർത്താവിന്റെ നാളും ക്രിസ്തുവിന്റെ മടങ്ങിവരവും രണ്ടും രണ്ടാണെന്നു പഠിപ്പിക്കുന്ന ചിലരുണ്ട്. കൗശലക്കാരായ ആളുകൾ തങ്ങളുടെ ഉപദേശങ്ങളെ സാധൂകരിക്കുവാനുള്ള വാക്യങ്ങളും കണ്ടെത്തുന്നു. അവയാൽ നാം വഞ്ചിക്കപ്പെട്ടുപോകരുത്. മുൻ ധാരണകളോടെ നാം ദൈവവചനത്തെ സമീപിക്കരുത്. നമ്മുടെ ധാരണകളെയും വിശ്വാസങ്ങളെയും ഊട്ടി ഉറപ്പിക്കുവാനല്ല നാം വചനം പഠിക്കേണ്ടത്. അങ്ങനെ നാം ചെയ്താൽ നാം വഞ്ചിക്കപ്പെടുവാൻ ദൈവം നമ്മെ അനുവദിക്കും. 2:10,11 ൽ പറയുന്നത് അതാണ്. സ്വന്തം അഭിപ്രായങ്ങളും ആശയങ്ങളും കൂടാതെ നാം തിരുവെഴുത്തുകളെ പഠിക്കേണ്ടതുണ്ട്. തിരുവെഴുത്തുകൾ തന്നെ നമ്മിൽ ആശയവും അഭിപ്രായവും രൂപപ്പെടുത്തട്ടെ. അങ്ങനെ നാം സത്യം ഗ്രഹിക്കുവാനിടയാകും.

തങ്ങളുടെ സഭകളിലെ ഉപദേഷ്ടാക്കന്മാരിൽ നിന്നാണ് അധികം പേർക്കും ആശയങ്ങളും അഭിപ്രായങ്ങളും ലഭിച്ചിട്ടുള്ളത്. എന്റെ വിശ്വാസജീവിതത്തിന്റെ പ്രാരംഭനാളുകളിൽ ഞാനും അങ്ങനെയായിരുന്നു. കാരണം ഞാൻ ദൈവവചനം സൂക്ഷ്മമായി പഠിച്ചിരുന്നില്ല. എന്നൽ ഞാൻ തുറന്ന മനസ്സോടെ ദൈവവചനം പഠിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ പല മുൻധാരണകളും എനിക്കു മാറ്റേണ്ടി വന്നു. അങ്ങനെ ഞാൻ കണ്ടെത്തിയ ഒരു സത്യമാണ് ക്രിസ്തുവിന്റെ മടങ്ങിവരവിനുമുമ്പ് എതിർക്രിസ്തു പ്രത്യക്ഷപ്പെടുമെന്നും സഭ പീഡത്തിലൂടെ കടന്നുപോകേണ്ടി വരുമെന്നുമുള്ള വചനസത്യം.

അതിനർത്ഥം നാം മഹാപീഡനത്തെ കാത്തിരിക്കണമെന്നല്ല. നാം കർത്താവിന്റെ വരവിനെ കാത്തിരിക്കുന്നു. ഗർഭിണിയായ ഒരു സ്ത്രീയോടു "നിങ്ങൾ പ്രസവവേദനയെ കാത്തിരിക്കുകയാണോ?'' എന്നു നാം ചോദിച്ചാൽ അവർ പറയും. "ഇല്ല, ഞാൻ എന്റെ കുഞ്ഞിന്റെ ജനനം കാത്തിരിക്കുകയാണ്" എന്ന്. തീർച്ചയായും അവൾക്കറിയാം ആദ്യമുണ്ടാകേണ്ടത് പ്രസവവേദനയാണെന്ന്. എന്നാൽ അവൾ അതിനെയല്ല പ്രതീക്ഷിക്കുന്നത്, തന്റെ കുഞ്ഞിനെയാണ്. അപ്രകാരം ഞാൻ എന്റെ കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നു. എന്നാൽ കർത്താവിന്റെ സഹസ്രാബ്ദ വാഴ്ചയ്ക്കു മുമ്പായി ഒരു മഹാപീഡനകാലവുമുണ്ടാകുമെന്ന് എനിക്കറിയാം.

ആ മഹാപീഡനത്തിന്റെ കാലയളവിൽ എതിർക്രിസ്തു "ദേവാലയത്തിൽ ദൈവമായി ഇരിക്കും" (2:4). ആളുകൾ തന്നെ നമസ്ക്കരിക്കുവാൻ അവൻ നിർബ്ബന്ധിക്കും.

**എതിർക്രിസ്തുവിന്റെ ആത്മാവ് ഇപ്പോൾതന്നെ ലോകത്തിൽ ഉണ്ടെന്ന് യോഹന്നാൻ അപ്പൊസ്തലൻ പറയുന്നു. ചില ആളുകൾ ഇപ്പോൾതന്നെ സഭയിൽ ദൈവരൂപത്തിൽ ഇരുന്നുകൊണ്ട് ഭരണം നടത്തുന്നു. ഇപ്രകാരം സഭയിൽ ദൈവരൂപത്തിൽ ഇരുന്നുകൊണ്ട് ഭരണം നടത്തുന്ന എതിർക്രിസ്തുവിന്റെ സ്വഭാവത്തെയാണ് "അധർമ്മത്തിന്റെ മർമ്മം" എന്നു വിളിക്കുന്നത് - അത് ഇപ്പോൾ തന്നെ വ്യാപരിക്കുന്നുണ്ട്. ക്രിസ്തീയ നേതാക്കന്മാർ നിങ്ങളുടെ ജീവിതങ്ങളെ നിയന്ത്രിക്കുവാൻ തുടങ്ങുമ്പോൾ അവർ ദൈവത്തിന്റെ സ്ഥാനത്താണ്. നിർഭാഗ്യവശാൽ ഒട്ടേറെ നേതാക്കന്മാരിലും കണ്ടുവരുന്നത് ഈ എതിർക്രിസ്തുവിന്റെ ആത്മാവിനെയാണ്.**

എതിർക്രിസ്തുവിന്റെ ആത്മാവ് ഇപ്പോൾതന്നെ ലോകത്തിൽ ഉണ്ടെന്ന് യോഹന്നാൻ അപ്പൊസ്തലൻ പറയുന്നു. ചില ആളുകൾ ഇപ്പോൾതന്നെ സഭയിൽ ദൈവരൂപത്തിൽ ഇരുന്നുകൊണ്ട് ഭരണം നടത്തുന്നു. ഇപ്രകാരം സഭയിൽ ദൈവരൂപത്തിൽ ഇരുന്നുകൊണ്ട് ഭരണം നടത്തുന്ന എതിർക്രിസ്തുവിന്റെ സ്വഭാവത്തെയാണ് "അധർമ്മത്തിന്റെ മർമ്മം" എന്നു വിളിക്കുന്നത് – അത് ഇപ്പോൾ തന്നെ വ്യാപരിക്കുന്നുണ്ട്. ക്രിസ്തീയ നേതാക്കന്മാർ നിങ്ങളുടെ ജീവിതങ്ങളെ നിയന്ത്രിക്കുവാൻ തുടങ്ങുമ്പോൾ അവർ ദൈവത്തിന്റെ സ്ഥാനത്താണ്. നിർഭാഗ്യവശാൽ ഒട്ടേറെ നേതാക്കന്മാരിലും കണ്ടുവരുന്നത് ഈ എതിർക്രിസ്തുവിന്റെ ആത്മാവിനെയാണ്.

അധർമ്മത്തിന് ഒരു മർമ്മമുണ്ട്, ദൈവഭക്തിക്ക് ഒരു മർമ്മമുള്ളതുപോലെ. ദൈവഭക്തിയുടെ മർമ്മം ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടു എന്നുള്ളതാണ് (1 തിമോ.3:6). ദൈവഭക്തിയുള്ള ഒരു ജീവിതം ഭൂമിയിൽ നിറവേറ്റാൻ കഴിയുമെന്നും നാം നമ്മുടെ ജീവിതംകൊണ്ട് വെളിപ്പെടുത്തുന്നു – കാരണം യേശു അങ്ങനെ ജീവിച്ചു. അധർമ്മത്തിന്റെ, (പാപത്തിന്റെ) മർമ്മം 'സാത്താൻ ജഡത്തിൽ വെളിപ്പെട്ടു' എന്നതാണ്. സാത്താൻ നേരിട്ട് ശരീരം ധരിക്കുന്നില്ല. മറിച്ച് ക്രിസ്ത്യാനികളുടെ മനസ്സിനെയും ചിന്തകളെയും സ്വാധീനിച്ചുകൊണ്ട് ഈ ജഡത്തിൽ ദൈവഭക്തിയുള്ളൊരു ജീവിതം സാധ്യമല്ല എന്ന് ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ അവർ പാപത്തെ ലഘുവായി കണ്ടുകൊണ്ട് പാപം തങ്ങളുടെമേൽ കർത്തൃത്വം നടത്തുന്നതായി പ്രഖ്യാപിക്കുന്നു (റോമ.6:14). അപ്രകാരം അവർ സാത്താനുമായി ഏകമനസ്സാകുന്നു.

കർത്താവ് വരുമ്പോൾ അവിടുന്നു സാത്താനെ തന്റെ ശ്വാസത്താൽ ഒടുക്കിക്കളയും (2:8). എന്നാൽ എതിർക്രിസ്തു വെളിപ്പെടുംമുമ്പെ അവന്റെ ആത്മാവ് ലോകത്തിൽ മുഴുവൻ വ്യാപരിച്ച് അവനുവേണ്ടി വഴിയൊരുക്കും – യോഹന്നാൻ സ്നാപകൻ യേശുവിന് വഴിയൊരു

ക്കിയതുപോലെ. എതിർക്രിസ്തുവി നുവേണ്ടി വഴിയൊരുക്കുന്ന ഒരു വലിയ തരംഗം തന്നെ ഇവിടെയു ണ്ടാകും. ഈ ആത്മാവ് വെളിപ്പെടു ന്നത് ദുഷ്ടതയുടെയും സാത്താന്യ ശക്തിയുടെയും ദേഹീപരമായ ശക്തിയുടെയും വ്യാജമായ അത്ഭു തങ്ങളുടെയും അടയാളങ്ങളുടെയും അകമ്പടിയോടെ ആയിരിക്കും. അവസാന നാളുകളിൽ വ്യാജമായ അത്ഭുതങ്ങളും സൗഖ്യങ്ങളും ധാരാ ളമായി ഉണ്ടാകും. ഇന്നു നടക്കുന്ന സൗഖ്യ ശുശ്രൂഷ, പ്രവർത്തനങ്ങൾ മുഖാന്തരം മനുഷ്യർ ദൈവത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും പണത്തിനുവേണ്ടി സാധുക്കളെ പിഴിയുകയും ചെയ്യുന്നു. ഇതൊക്കെ എതിർക്രിസ്തുവിന് വഴിയൊ രുക്കലാണ്. യേശു രോഗികളെ സൗഖ്യമാക്കിയിരുന്നു. ഇന്നും അവിടുന്ന് ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഞാൻ തന്നെ നേരിട്ട് പലതും അനുഭവിച്ചറിഞ്ഞിരിക്കുന്നു. എന്നാൽ വ്യാജം അധികമധികം പെരുകിക്കൊണ്ടുമിരിക്കുന്നു. നാം ഇവയെ തമ്മിൽ തിരിച്ചറിയേണ്ടി യിരിക്കുന്നു.

തങ്ങൾ രക്ഷിക്കപ്പെടുവാൻ തക്ക വണ്ണം ആളുകൾ സത്യത്തെ സ്നേ ഹിക്കാത്തതുമൂലം ദൈവം അവരുടെ മേൽ വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു (വാ.10,11) എന്നു ബൈബിൾ പറയുന്നു. ഇത് പുതിയ നിയമത്തിലെ ഏറ്റവും ഭയം ജനി പ്പിക്കുന്ന വാക്യങ്ങളിലൊന്നാണ്. ദൈവം നമ്മിലെ സ്വാർത്ഥതയോ അഹങ്കാരത്തെയോ കാണിച്ചു തരു മ്പോൾ നമ്മെക്കുറിച്ചുള്ള ഈ സത്യങ്ങളെ അഭിമുഖീകരിക്കുവാൻ നമുക്ക് മനസ്സില്ലാതിരിക്കുകയും ഈ പാപങ്ങളിൽ നിന്നും മോചനം പ്രാപിക്കുവാൻ താല്പര്യം ഇല്ലാതെ യിരിക്കുകയും ചെയ്യുമ്പോൾ വഞ്ചി ക്കപ്പെടുവാൻ ദൈവം നമ്മെ അനുവദിക്കുന്നു. എത്ര വലിയ ദുരന്തമായിരിക്കും അത്! സാത്താൻ നമ്മെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഹൃദയവും നമ്മെ നമ്മുടെ മോഹങ്ങളിൽ വഞ്ചിച്ചുകൊണ്ടി രിക്കുന്നു. ഇതിലെല്ലാം ഉപരിയായി നാം വഞ്ചിക്കപ്പെടുവാൻ ദൈവവും നമ്മെ അനുവദിക്കുമ്പോൾ പ്രത്യാ ശയില്ലാത്ത വിധം നാം നാശത്തി ലേക്ക് വഴുതിവീഴുന്നു.

അതുകൊണ്ട് ദൈവം നമ്മുടെ ഭാഗത്തുണ്ടെന്ന കാര്യം നാം ഉറപ്പാക്കേണ്ടിയിരിക്കുന്നു. ദൈവം നിങ്ങളുടെ പക്ഷത്തുണ്ടായിരി ക്കണമെങ്കിൽ ദൈവം നിങ്ങളുടെ പാപങ്ങളെ കാട്ടിത്തരുമ്പോൾ അത് അംഗീകരിക്കുവാൻ തക്കവണ്ണം നിങ്ങൾ സത്യത്തെ സ്നേഹിക്കുന്ന വരാകണം. ദൈവം നിങ്ങളിലെ ദുർമ്മോഹത്തെയും നിഗളത്തെയും സ്വാർത്ഥതതെയും ധനസ്നേഹ ത്തെയും കാണിച്ചുതരുമ്പോൾ അതിനെ അംഗീകരിക്കുക. എന്നിട്ട് ഇപ്രകാരം പറയുക: "കർത്താവേ, എനിക്ക് ഇവയിൽ നിന്നും രക്ഷ നേടാൻ പൂർണഹൃദയത്തോടെ ആഗ്രഹമുണ്ട്." നിങ്ങൾ നിങ്ങളെ തന്നെ നീതീകരിച്ചുകൊണ്ട് നിങ്ങ ളുടെ പാപങ്ങളെ മറയ്ക്കുവാനാണ് താല്പര്യപ്പെടുന്നതെങ്കിൽ ഞാൻ ഉറപ്പു നൽകാം നിങ്ങൾ വ്യാജം വിശ്വസിക്കുവാൻ തക്കവണ്ണം ഒരു വഞ്ചനയുടെ ആത്മാവിനെ ദൈവം നിങ്ങളുടെമേൽ അയക്കും. നിങ്ങൾ കാണുന്ന വ്യാജമായ അത്ഭുതങ്ങളെ നിങ്ങൾ വിശ്വസിക്കും. എന്തുകൊ ണ്ടാണ് വ്യാജമായ അത്ഭുതങ്ങളെ

അനേകം വിശ്വാസികൾ വിശ്വസിക്കുന്നത്? അതിനുള്ള ഉത്തരം ഇതാണ്: തങ്ങളുടെ സ്വന്ത ജീവിതത്തിലെ പാപത്തെ അംഗീകരിക്കുവാൻ അവർക്ക് മനസ്സില്ല. അതിൽ നിന്നും രക്ഷ നേടാൻ അവർക്ക് ആഗ്രഹമില്ല.

"എന്നാൽ പ്രിയ സഹോദരന്മാരെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിക്കുവാൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ ഞങ്ങൾ നിങ്ങൾക്കുവേണ്ടി നന്ദി കരേറ്റുന്നു (2:14). മുഴു സുവിശേഷത്തിന്റെയും ലക്ഷ്യം നാം കർത്താവായ യേശുവിന്റെ മഹത്വം പ്രാപിക്കുക എന്നതാണ് - തന്നിലെ കൃപയുടെയും സത്യത്തിന്റെയും പൂർണതയിലൂടെ താൻ വെളിപ്പെടുത്തിയ തന്റെ മഹത്വം (യോഹ.1:14).

**അന്തിമ ഉപദേശങ്ങൾ**

3:6-11 ൽ "ക്രമംകെട്ട് അലസമായി ജീവിക്കുന്ന സഹോദരന്മാരിൽ നിന്നും അകന്നുകൊള്ളണം" എന്നു പൗലൊസ് മുന്നറിയിപ്പു നൽകുന്നു. താൻ എങ്ങനെ അവരുടെ നടുവിൽ ജീവിച്ചു എന്ന കാര്യം അദ്ദേഹം അവരെ ഓർമ്മിപ്പിക്കുന്നു. അവരിൽ നിന്നും ഒരിക്കലും സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കാതെ പൗലൊസ് സ്വന്തകൈകൊണ്ട് വേല ചെയ്ത് അദ്ധ്വാനിച്ചു. തന്റെ ഭക്ഷണത്തിനും താൻ പ്രതിഫലം നൽകി. ഒരു ദൈവദാസൻ എന്ന നിലയിൽ എത്ര ഉത്തമമായ ഒരു മാതൃക! തങ്ങൾക്കു ലഭിക്കുന്ന ആഹാരത്തിനുകൂടി പ്രതിഫലം നൽകണമെന്നു ചിന്തിക്കുന്ന മുഴുസമയ സുവിശേഷപ്രവർത്തകർ ഇന്നും തുലോം വിരളമാണ്. എന്നാൽ പൗലൊസ് തികച്ചും വ്യത്യസ്തനായിരുന്നു. ഇതിന്റെയർത്ഥം തന്നെ സ്വീകരിച്ച് തനിക്കൊരുനേരം ഭക്ഷണം തന്ന് ആതിഥ്യമര്യാദ കാണിക്കുന്ന വിശ്വാസികൾക്കെല്ലാം താൻ കഴിക്കുന്ന ഭക്ഷണത്തിന്റെ വില പൗലൊസ് നൽകിയിരുന്നു എന്നല്ല. പൗലൊസ് ദീർഘകാലം താമസിച്ചിരുന്ന ആ കാലയളവിൽ തനിക്ക് ഭക്ഷണമുണ്ടാക്കിത്തന്നവരുടെ നല്ല മനസ്സിനെ അദ്ദേഹം ചൂഷണം ചെയ്തില്ല എന്നു മാത്രമേയുള്ളു. താൻ കർത്താവിന്റെ ദാസൻ എന്ന നിലയിലായിരുന്നു അവർക്കു ശുശ്രൂഷ ചെയ്തത്. അതുകൊണ്ടുതന്നെ അവരുടെ പക്കൽ നിന്നു ഭക്ഷണം സ്വീകരിക്കുവാനുള്ള അവകാശവും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അങ്ങനെയുള്ള അവകാശവും സ്വാതന്ത്ര്യവുമൊന്നും അദ്ദേഹം ദുരുപയോഗിച്ചില്ല. തനിക്കു നൽകിയ ഭക്ഷണത്തിന് അദ്ദേഹം പ്രതിഫലം നൽകി. അദ്ദേഹം രാവും പകലും കൂടാരങ്ങൾ നിർമ്മിക്കുന്ന പണിയിൽ അദ്ധ്വാനിച്ചു പണം സമ്പാദിക്കുകയും തങ്ങളുടെ ചെലവുകൾക്കുവേണ്ടി അതിൽനിന്നു നൽകുകയും ചെയ്തു. നമുക്ക് പിന്തുടരുവാൻ എത്ര നല്ല മാതൃക! കർത്താവിന്റെ യഥാർത്ഥ ദാസൻ മറ്റുള്ളവരോട് തന്നെ അനുഗമിക്കാൻ പറയുവാനുള്ള സാക്ഷ്യമുള്ള ആളായിരിക്കണം.

അവിടെയുള്ള ചില വിശ്വാസികൾ ക്രമംകെട്ടു നടക്കുകയും സ്വന്തം ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യാതിരിക്കുകയും ചെയ്തതുകൊണ്ടാണ് പൗലൊസിനു തന്റെ ജീവിതമാതൃകയെ എടുത്തുപറയേണ്ടി വന്നത്. "കർത്താവു വേഗം വരുന്നതുകൊണ്ടു നമുക്കു നമ്മുടെ ജോലി വിട്ടുകളഞ്ഞ് സുവിശേഷ

പ്രസംഗം ത്വരിതപ്പെടുത്താ"മെന്ന് ഒരു പക്ഷേ ചിലർ തെറ്റായി ചിന്തിച്ചിരിക്കാം. അങ്ങനെ ഒടുവിൽ അവർ ദിവസംമുഴുവനും വെറുതെ യിരിക്കുന്ന സ്ഥിതിയിലെത്തി. ഇന്ന ത്തെ അനേക സുവിശേഷകരെയും പോലെ. ഇത് അവരെ മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നവരാക്കി.

അതുകൊണ്ട് പൗലൊസ് അവർ ക്കുവേണ്ടി ഒരു പ്രമാണമുണ്ടാക്കി. "വേല ചെയ്യാത്തവൻ ഭക്ഷണം കഴിക്കരുത്. അങ്ങനെയുള്ളവരോടു ഞങ്ങൾ കർത്താവിൽ ആജ്ഞാ പിച്ചു പ്രബോധിപ്പിക്കുന്നത്. സാവ ധാനത്തോടെ വേല ചെയ്ത് അഹോ വൃത്തി കഴിക്കണം എന്നത്രേ" (3:10,12).

നിങ്ങൾ കർത്താവിന്റെ ഒരു മുഴുസമയ വേലക്കാരനെങ്കിൽ ജോലിക്കാരായ മറ്റുള്ളവരേക്കാൾ കഠിനമായി അദ്ധ്വാനിക്കണം. ഒരു പക്ഷേ പൗലൊസിനെപ്പോലെ നിങ്ങളുടെ സമ്പാദ്യം നിങ്ങളുടെ ആവശ്യങ്ങൾക്കു തികയാതെ വന്നേ ക്കാം. ഒരു പക്ഷേ സഹവിശ്വാസി കളുടെ കൈത്താങ്ങൽ കൊണ്ടായി രിക്കാം നിങ്ങൾ നിലനിൽക്കുന്നത്. അങ്ങനെയെങ്കിൽ നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക: രാവിലെ എട്ടു മണി മുതൽ വൈകിട്ട് ഏഴു മണി വരെ വീട്ടിൽനിന്നു പുറത്തുപോയി തങ്ങളുടെ ജീവ സന്ധാരണത്തിനുവേണ്ടി എന്റെ സഭാംഗങ്ങൾക്ക് അദ്ധ്വാനിക്കേണ്ടി വരുന്നു. അവരോടൊപ്പം എന്നെയും അവർ കൈത്താങ്ങുന്നു. ഞാൻ അവരേപ്പോലെ അദ്ധ്വാനിക്കു ന്നുണ്ടോ? അതുപോലെയുള്ള അദ്ധ്വാനമൊന്നും നിങ്ങളുടെ ഭാഗ ത്ത് ഉണ്ടാകുന്നില്ലെങ്കിൽ നിങ്ങൾ അവരിൽ നിന്നും കൈത്താങ്ങൽ പ്രതീക്ഷിക്കുന്നത് ശരിയല്ല. ഒരു യഥാർത്ഥ ദൈവദാസൻ കാലത്തു മുതൽ രാത്രിവരെ അദ്ധ്വാനിക്കുന്ന വ്യക്തിയായിരിക്കണം. ക്രൈസ്തവ ലോകത്ത് കണ്ടുവരുന്ന ഒരു വലിയ പ്രശ്നം ലൗകികമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരെപ്പോലെ മുഴു സമയ ശുശ്രൂഷകന്മാർ അദ്ധ്വാനം ചെയ്യുന്നില്ല എന്നതാണ്.

ഒടുവിൽ പൗലൊസ് ഇപ്രകാരം പറയുന്നു: "ഞങ്ങളുടെ ഈ ലേഖ നത്തിൽ പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കാത്തവരെ അവർക്കു ലജ്ജ തോന്നേണ്ടതിന് ഒഴിവാക്കി നിർത്തുക. അങ്ങനെയുള്ളവരോട് കൂട്ടായ്മ അരുത്. എങ്കിലും ഒരു ശത്രുവായി കണക്കാക്കാതെ സഹോ ദരനെപ്പോലെ ബുദ്ധി പറയുക" (3:14,15). ദൈവവിളി ഇല്ലാതെ സ്വന്തം അഹോവൃത്തി ലക്ഷ്യം വച്ചു കൊണ്ടു മുഴുസമയ വേലക്കാരായി ത്തീർന്ന അലസരായ സുവിശേഷ വേലക്കാർക്ക് നാം കൂട്ടായ്മ നൽക രുത്. ഭാരതത്തിൽ അത്തരക്കാർ ആയിരക്കണക്കിനുണ്ട്. നാം അവരെ ശത്രുക്കളായി കാണുന്നില്ല എങ്കിലും നമുക്ക് അവരോട് കൂട്ടായ്മയില്ല. ബുദ്ധിയുപദേശം മാത്രമേയുള്ളൂ.

ഈ ലേഖനത്തിൽ പറഞ്ഞിരി ക്കുന്ന കാര്യങ്ങളൊക്കെ ഗൗരവ മായി പരിഗണിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. കർത്താവിന്റെ രണ്ടാംവരവിനായി ഒരുങ്ങുന്ന വരെന്ന നിലയിൽ ഇക്കാര്യ ങ്ങളെല്ലാം തന്നെ വളരെ പ്രാധാന്യ മർഹിക്കുന്നതുകൊണ്ട് നമുക്ക് ഇവയെ ഗൗരവമായി എടുക്കാം.

(അവസാനിച്ചു)

**(മൊഴിമാറ്റം : ബോബി ചെറിയാൻ)**

ചിന്തയ്ക്ക്

(കഴിഞ്ഞ ലക്കം തുടർച്ച...)

# പ്രാർത്ഥനയിൽ ദൈവത്തെ പരീക്ഷിക്കാമോ?

-അജ്ഞാതനായ ക്രിസ്ത്യാനി-

നമ്മെ പ്രാർത്ഥിപ്പിക്കാൻ പ്രേരിപ്പിക്കാനാണ് ദൈവമെല്ലാം ചെയ്യുന്നതെങ്കിലും നാം ഇക്കാര്യത്തിൽ എത്ര അമാന്തമുള്ളവരാണ്! വിശ്വാസക്കുറവുകൊണ്ടും പ്രാർത്ഥനാക്കുറവു കൊണ്ടും നാം കൈവിട്ടു കളയുന്നത് എന്തുമാത്രമാണെന്നോ! ഉത്തരത്തോടുകൂടിയ പ്രാർത്ഥന എങ്ങനെയെന്നറിയാത്ത ഒരുവനും ദൈവവുമായി ആഴമുള്ളതും ആത്മാർത്ഥവുമായ കൂട്ടായ്മ പുലർത്താനാവില്ല.

പരീക്ഷണവിധേയനാകാനുള്ള ദൈവത്തിന്റെ സന്നദ്ധതയെക്കുറിച്ച് ഏതെങ്കിലും സംശയമുള്ളവർ എമികാർ മൈക്കിളിന്റെ അനുഭവം വായിക്കുക. ആ ഗ്രന്ഥത്താളുകളിലൂടെ നമ്മോടു പറയുന്നത് അവൾ ആവർത്തിച്ചു ദൈവത്തെ "പരീക്ഷിച്ച" കാര്യമാണ്. അങ്ങനെ ചെയ്യുവാൻ അവൾ നയിക്കപ്പെട്ടത് ആകസ്മികമായല്ല എന്ന ധാരണയാണ് ആ പുസ്തകത്തിൽ നിന്നൊരാൾക്കു ലഭിക്കുന്നത്. വാസ്തവത്തിൽ ദൈവത്തിന്റെ കരം അതിലുണ്ടായിരുന്നു. ഉദാഹരണമായി, ഒരു ഹിന്ദു പെൺകുട്ടിയെ മതനിന്ദയിൽ നിന്നു മോചിപ്പിക്കുവാൻ നൂറു രൂപ ചെലവാക്കേണ്ടത് അത്യാവശ്യമായിരുന്നു. അവർ ചെയ്ത ആ പ്രവൃത്തി നീതീകരിക്കപ്പെടാവുന്നതാണോ? ഈ തുക കൊണ്ട് അവർക്ക് പല പെൺകുട്ടികളെയും സഹായിക്കാമായിരുന്നു. എങ്കിൽ ഒരാൾക്കു വേണ്ടി മാത്രം ഇത്രയും തുക ചെലവഴിക്കണമായിരുന്നോ? എമികാർ മൈക്കിൾ നൂറു രൂപയിൽ കുറയാതെയും കൂടാതെയും കൃത്യമായി ലഭിക്കാൻവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കപ്പെട്ടു; അങ്ങനെ ദൈവത്തിനു ഹിതമായാൽ ആ പണം ഈ കാര്യത്തിനായി മാത്രം ചെലവഴിക്കണമെന്നവൾ ഉറച്ചിരുന്നു. കൃത്യമായ സംഖ്യതന്നെ വന്നുചേർന്നു. പണമയച്ച ആൾ എഴുതിയത്, മറ്റൊരു സംഖ്യയുടെ ചെക്കെഴുതാനാണിരുന്നതെങ്കിലും നൂറിന്റേതു തന്നെ എഴുതുവാൻ ഉൾപ്രേരണയുണ്ടായി എന്നാണ്.

പതിനഞ്ചുവർഷം മുമ്പ് അതു സംഭവിച്ചതു മുതൽ പല പ്രാവശ്യം ഈ മിഷനറി ദൈവത്തെ പരീക്ഷിക്കാൻ തയ്യാറായി. ദൈവം അവളെ ഒരിക്കലും തോല്പിച്ചില്ല. ഇതാണവർ പറയുന്നത്. "പതിനഞ്ചു വർഷത്തിനിടയിൽ യാതൊരു ബില്ലും തക്കസമയത്ത് കൊടുക്കാതിരിക്കാൻ ഇടയായില്ല. യാതൊരു സ്ത്രീ പുരുഷന്മാരോടും സഹായമഭ്യർത്ഥിക്കാൻ ഇടവന്നില്ല, യാതൊരു

നന്മയ്ക്കും ഒരിക്കലും മുട്ടുണ്ടായില്ല. അത്യാവശ്യം നേരിട്ടാൽ എന്തു ചെയ്യാൻ കഴിയുമായിരുന്നു എന്നു കാണിക്കാനെന്നപോലെ ഒരിക്കൽ 25 പൗണ്ട് ടെലിഗ്രാം മണിയോർഡ റായി വന്നു! ചിലപ്പോൾ റയിൽവേ സ്റ്റേഷനിലെ ജനക്കൂട്ടത്തിന്റെ ആരവ ത്തിന്റെ മദ്ധ്യത്തിൽ നിന്നൊരാൾ പ്രത്യക്ഷപ്പെടുകയും ഒഴിച്ചുകൂടാനാ വാത്ത ഒരു സാമ്പത്തിക സഹായം കയ്യിൽ തന്നിട്ട് ആളെ തിരിച്ചറി യാൻ കഴിയും മുമ്പേ ജനക്കൂട്ട ത്തിലേക്ക് വീണ്ടും ഓടിമറയുകയും ചെയ്യുകയുണ്ടായിട്ടുണ്ട്."

ഇത് അത്ഭുതമാണോ? അതേ! എന്തുകൊണ്ട്? ദൈവത്തിന്റെ ആത്മാവിനാൽ സംസാരിക്കുന്നു എന്നു യോഹന്നാൻ പറയുന്നതെ ന്താണ്? "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾ ക്കുന്നു എന്നുള്ളത് നമുക്ക് അവനോ ടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയു ന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു" (1 യോഹ.5:14,15). എനിക്കും നിങ്ങൾക്കും ആ ധൈര്യം ഉണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

പ്രാർത്ഥനയ്ക്കുത്തരം തരിക എന്നുള്ളത് ദൈവത്തെ സംബന്ധിച്ച് അസ്വാഭാവികമല്ല, സ്വാഭാവികമാണ്. ആത്മാർത്ഥതയോടും സത്യസന്ധത യോടുംകൂടെ പറഞ്ഞാൽ നമ്മിൽ അനേകരും ദൈവത്തെ വിശ്വസി ക്കുന്നില്ലെന്നുള്ളതാണ് സത്യം. ഈ വസ്തുത നമുക്ക് മറച്ചുവയ്ക്കാ തിരിക്കാം. നാം ദൈവത്തെ സ്നേഹി ക്കുന്നുവെങ്കിൽ നാം പ്രാർത്ഥിച്ചേ തീരൂ. കാരണം നാം പ്രാർത്ഥിക്കാൻ അവിടുന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കാൻ കല്പിക്കുകയും ചെയ്യുന്നു. നാം ദൈവത്തിൽ വിശ്വ സിക്കുന്നുവെങ്കിൽ നമുക്ക് പ്രാർ ത്ഥിക്കാം. എന്തുകൊണ്ടെന്നാൽ ഇതു ചെയ്യാതെ സഹായം ലഭിക്ക യില്ല; ഇതു കൂടാതെ നമുക്ക് അഭിവൃദ്ധി ഉണ്ടാകയില്ല. ക്രിസ്തീയ സുഹൃത്തേ, താങ്കൾ ദൈവത്തിൽ വിശ്വസിക്കുകയും ദൈവപുത്രനിൽ വിശ്വസിക്കുകയും (യോഹ.3:16) ചെയ്യുന്നു; എന്നാൽ തന്നെ വിശ്വസി ക്കുവോളം ക്രിസ്തീയ ജീവിത ത്തിൽ ഉയർന്നിട്ടുണ്ടോ? അതായത്, അവിടുന്നു പറയുന്നതെന്തും അവി ടുന്നു പറയുന്നതെല്ലാം വിശ്വസി ക്കുവോളം? ഒരു ക്രിസ്ത്യാനിയോട് ഇങ്ങനെ ഒരു കാര്യം ചോദിക്കുന്നത് നിന്ദാപരമായി തോന്നുന്നില്ലേ? എന്നിട്ടും തുലോം കുറച്ചു വിശ്വാസികൾ മാത്രമാണ് ദൈവ ത്തെ വിശ്വസിക്കുന്നത്! ദൈവം നമ്മോടു ക്ഷമിക്കട്ടെ! നാം ദൈവ ത്തിന്റെ വചനം വിശ്വസിക്കു ന്നതിനേക്കാൾ എളുപ്പത്തിൽ നമ്മു ടെ സഹജീവിയുടെ വാക്കു വിശ്വസി ക്കുന്നത് നമ്മെ എപ്പോഴെങ്കിലും സ്തബ്ധരാക്കിയിട്ടുണ്ടോ? എന്നാലും ഒരു മനുഷ്യൻ "ദൈവ ത്തെ വിശ്വസിക്കുമ്പോൾ " ദൈവം അവനിലും അവനിലൂടെയും കൃപ യുടെ എന്തെന്ത് അത്ഭുതങ്ങളാണ് പ്രവർത്തിക്കുന്നത്! "അവൻ ദൈവ ത്തെ വിശ്വസിച്ചു" എന്ന് (റോമ.4:3, ഗലാ.3:6, യാക്കോ.2:23) മൂന്നു പ്രാവശ്യത്തിലധികം പുതിയനിയമ ത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ആളെപ്പോലെ ലോകത്തിൽ ജീവി ച്ചിരുന്നിട്ടുള്ള ആരും ഇത്ര അധികം ആളുകളാലും അവരുടെ നാവുക ളാലും ബഹുമാനിക്കപ്പെടുകയും

ആദരിക്കപ്പെടുകയും ചെയ്തിട്ടില്ല.

അതേ, "അബ്രഹാം ദൈവത്തെ വിശ്വസിച്ചു, അത് അവനു നീതിയായി കണക്കിട്ടു." ഇന്ന് ലോകത്തെവിടെയുമുള്ള ക്രിസ്ത്യാനികൾ അവന്റെ നാമത്തെ ബഹുമാനിക്കുന്നതിൽ പരസ്പരം മത്സരിക്കുകയാണ്. "ഞാൻ ദൈവത്തെ വിശ്വസിക്കുകയും ആ വിശ്വാസത്തിന്മേൽ പ്രവർത്തിക്കുകയും ചെയ്യുന്നു" (അപ്പൊ.പ്രവൃ.27:25) എന്നു പറയുവാൻ കഴിയുന്നതുവരെ ക്രിസ്തുയേശുവിലുള്ള ഒരു വിശ്വാസിയും വിശ്രമിക്കരുതെന്നാണ് ഞങ്ങൾ കെഞ്ചിയപേക്ഷിക്കുന്നത്.

ദൈവത്തെ പരീക്ഷിക്കുന്ന വിഷയം വിടുംമുമ്പേ, ചിലപ്പോൾ ദൈവം തന്നെ പരീക്ഷിക്കുന്നതിലേക്ക് നമ്മെ നയിക്കുന്നു എന്നുള്ളത് ചൂണ്ടിക്കാണിക്കാൻ താല്പര്യപ്പെടുന്നു. ആവശ്യമായി തോന്നാത്ത കാര്യങ്ങൾക്കുവേണ്ടി യാചിക്കുവാൻ ചിലപ്പോൾ ദൈവം എമികാർമൈക്കിളിന്റെ മനസ്സിൽ തോന്നിച്ചിട്ടുണ്ട്. എന്നിട്ടു യാചിക്കുവാൻ പരിശുദ്ധാത്മാവിന്റെ ഹേമം അവർക്കുണ്ടായി. അവ നൽകപ്പെട്ടു എന്നു മാത്രമല്ല, വിലമതിക്കാനാവാത്ത അനുഗ്രഹമായി തെളിയിക്കപ്പെടുകയും ചെയ്തു. അതേ, നാം ചോദിക്കുംമുമ്പേ, നീ ആഗ്രഹിക്കയോ ആഗ്രഹിക്കാതിരിക്കയോ ചെയ്താലും നമുക്കാവശ്യമുള്ള കാര്യങ്ങൾ ഏവ എന്നു ദൈവം അറിയുന്നു (മത്താ.6:8). "ഞാൻ നിന്നെ ഒരു പ്രകാരത്തിലും ഉപേക്ഷിക്കയില്ല (തോല്പിക്കയില്ല)" എന്നു ദൈവം പറഞ്ഞിട്ടില്ലേ?

പലപ്പോഴും തന്റെ ചില പ്രത്യേക ആവശ്യങ്ങൾ മറ്റുള്ളവരെ അറിയിക്കാനുള്ള പരീക്ഷ എമികാർമൈക്കിളിനുണ്ടായിട്ടുണ്ട്. എന്നാൽ എപ്പോഴും ദൈവശബ്ദം പോലെ "ഞാൻ അറിയുന്നു,അതു മതി" എന്നൊരു ഉള്ളുറപ്പ് ഉണ്ടാകുമായിരുന്നു. അതിലൂടെ വാസ്തവമായി ദൈവനാമം മഹത്വപ്പെട്ടു. യുദ്ധത്തിന്റെ പരീക്ഷണ ദിവസങ്ങളിൽ "അവരുടെ ദൈവം അവരെ പുലർത്തുന്നു" എന്ന് ജാതികൾ പോലും പറയുമായിരുന്നു. "നിങ്ങളുടെ ദൈവം പ്രാർത്ഥന കേൾക്കുന്നു" എന്നുള്ളത് "രാജ്യമാസകലം അറിയുന്നല്ലോ" എന്ന് ലൗകികനായ ഒരു പുറജാതിക്കാരൻ പറഞ്ഞു.

അവരുടെ ലളിത വിശ്വാസം കൊണ്ട് ദൈവത്തിന് എത്ര മഹത്വം വന്നുചേർന്നു! നാം എന്തുകൊണ്ട് ദൈവത്തെ വിശ്വസിക്കുന്നില്ല? എന്തുകൊണ്ട് ദൈവത്തിന്റെ വാഗ്ദാനങ്ങളെ നാം കാര്യമായി എടുക്കുന്നില്ല? "നിങ്ങളുടെ പ്രാർത്ഥനകൾക്കുത്തരം ഉണ്ടായിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു" എന്ന് അവിശ്വാസികൾ എന്നെങ്കിലും നമ്മെക്കുറിച്ചു പറഞ്ഞിട്ടുണ്ടോ? ലോകമാസകലമുള്ള വിശ്വാസികളെ ശ്രദ്ധിച്ചാലും! (ഈ വാക്കുകൾ ഓരോ കാതിലും എത്തി ഓരോ ഹൃദയത്തെയും ഉണർത്തട്ടെ!) നാം പറഞ്ഞുകൊണ്ടിരിക്കുന്ന ആ ഭക്തയായ വനിതാ മിഷനറിയുടെ അതേ ശക്തമായ വിശ്വാസം നമ്മിൽ ഓരോരുത്തർക്കും ഉണ്ടാകുവാൻ നമ്മുടെ സ്നേഹവാനായ രക്ഷിതാവായ യേശുക്രിസ്തുവും ദൈവവും തീവ്രമായി അഭിലഷിക്കുന്നു.

തന്റെ യാതൊരു കുഞ്ഞും നിമിഷനേരത്തേക്കെങ്കിലും വിഷാദമോ ഏതെങ്കിലും ആവശ്യഭാരമോ ഉള്ളവനാകുവാൻ നമ്മുടെ സ്നേഹ മുള്ള പിതാവ് ആഗ്രഹിക്കുന്നില്ല. നമ്മുടെ

ആവശ്യം എത്ര വലുതാണെന്നുള്ളതോ നമുക്ക് വേണ്ടത് എത്ര എണ്ണമറ്റതാണെന്നുള്ളതോ വിഷയമല്ല. അവിടുത്തെ നിബന്ധനകൾ പാലിച്ച് നാം തന്നെ പരീക്ഷിക്കുമെങ്കിൽ അവിടുന്നു തരുന്ന അനുഗ്രഹങ്ങൾ കൂട്ടിവയ്ക്കാൻ നമുക്ക് ഒരിക്കലും സ്ഥലം തികയുകയില്ല (മലാഖി.3:10).

"കഷ്ടം ശോധനകളുണ്ടോ
ഏവിധ ദു:ഖങ്ങളും?
എല്ലാം യേശുവോടുചെന്ന്
ചൊല്ലിടായ്ക നിമിത്തം"

അല്ലെങ്കിൽ നാം ദൈവത്തിന്റെ വാക്കു വിശ്വസിക്കാത്തതിനാൽ 'എല്ലാം യേശുവോടു പറയാതെ' നാം തന്നെ ചുമക്കുന്നതിനാലാണ്. തന്നെ വിശ്വസിക്കുന്നത് എന്തുകൊണ്ടാണ് പ്രയാസമേറിയതായി നാം കാണുന്നത്? അവിടുന്ന് എന്നെങ്കിലും നമ്മെ തോല്പിച്ചിട്ടുണ്ടോ? ''അവിടുത്തെ നാമത്തിൽ'' ഹൃദയശുദ്ധിയോടെ കഴിക്കുന്ന സകല യാചനകൾക്കും ഉത്തരം തരാമെന്ന് അവിടുന്നു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടില്ലേ? "എന്നോടു യാചിക്കുക", "നിങ്ങൾ പ്രാർത്ഥിക്കുക", "എന്നെ പരീക്ഷിക്കുക", "എന്നെ ശോധന ചെയ്യുക". പ്രാർത്ഥനയുടെ ഉത്തരങ്ങൾകൊണ്ടു ബൈബിൾ നിറഞ്ഞിരിക്കുന്നു., അത്ഭുതകരമായ ഉത്തരങ്ങൾ! വിസ്മയകരമായ ഉത്തരങ്ങൾ! എന്നിട്ടും നമ്മുടെ വിശ്വാസം നമ്മെ തോല്പിക്കുന്നു! ദൈവത്തെ 'വെറുതെ ശല്യപ്പെടുത്തുകവഴി' നാം അവനെ അപമാനിക്കുന്നു!

നമ്മടെ വിശ്വാസം ലളിതമായിരിക്കണമെങ്കിൽ നമ്മുടെ ''കണ്ണു ചൊവ്വുള്ളതായിരിക്കണം." എങ്കിൽ നമ്മുടെ "ശരീരം മുഴുവൻ പ്രകാശിതമായിരിക്കും" (മത്താ.6:22). ക്രിസ്തു നമ്മുടെ 'പൂർണ്ണഉടമ' ആയിരിക്കണം. നാം ദൈവത്തെയും മാമ്മോനെയും സേവിക്കുവാൻ ശ്രമിച്ചാൽ വിഷാദത്തിൽ നിന്നു സ്വതന്ത്രരാകാമെന്നു പ്രതീക്ഷിക്കുവാൻ കഴിയുകയില്ല (മത്താ.6:24,25). വീണ്ടും നാം വിജയകരമായ ജീവിതത്തിലേക്ക് മടങ്ങി വന്നിരിക്കുന്നു! നാം "നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുമെങ്കിൽ" (റോമ.12:1); "നമ്മുടെ അവയവങ്ങളെ നീതിയുടെയും വിശുദ്ധീകരണത്തിന്റെയും'' ദാസന്മാരായി സമർപ്പിക്കുമെങ്കിൽ (റോമ.6:19) അവൻ തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചുതരികയും "ദൈവത്തിന്റെ എല്ലാ നിറവിനോളം നമ്മെ നിറയ്ക്കുകയും'' ചെയ്യും (എഫേ.3:19).

ദൈവത്തിനു 'കഴിയും' എന്നു വിശ്വസിക്കുക മാത്രമല്ല,അവിടുന്നു പ്രാർത്ഥനയ്ക്കുത്തരം തരുന്നുവെന്ന യഥാർത്ഥമായ വിശ്വാസം നമ്മുടെ മനസ്സിൽ വരുവാനും ഇടയാകട്ടെ. നാം പ്രാർത്ഥനയിൽ മന്ദതയുള്ളവരായിരിക്കാം, എന്നാൽ "ദൈവം തന്റെ വാഗ്ദത്തം നിവർത്തിക്കാൻ താമസിക്കുന്നില്ല'' (മന്ദതയുള്ളവനല്ല)" (2 പത്രൊ.3:9). അത് ഉള്ളിൽ തട്ടുന്ന ഒരു പദപ്രയോഗമല്ലേ?

ഒരു പക്ഷേ ഡോണാവറിലെ വനിതാ മിഷനറി എമികാർമൈക്കിൾ ദൈവത്തെ പരീക്ഷിച്ചതായി പറഞ്ഞതിൽ ഏറ്റവും അസാധാരണമായിട്ടുള്ളത് താഴെപ്പറയുന്നതാണ്. സമീപത്തുള്ള കുന്നിൽ ഒരു വിശ്രമകേന്ദ്രം വിലയ്ക്കുവാങ്ങുന്ന വിഷയം വന്നു. ചെയ്യേണ്ട ശരിയായ

കാര്യം ഇതാണോ? ദൈവത്തിന റിയാം. വളരെ പ്രാർത്ഥിച്ചു. അവസാനമായി ഇങ്ങനെ അപേക്ഷ അർപ്പിച്ചു, ആ വീടു വാങ്ങേണ്ടത് ദൈവഹിതമാകുന്നുവെങ്കിൽ കൃത്യം നൂറു പൗണ്ട് നല്കപ്പെടണം. ആ സംഖ്യ ഉടനെ എത്തിച്ചേർന്നു. എന്നിട്ടും അവർ സംശയിച്ചു. രണ്ടു മാസം കഴിഞ്ഞ് അത് വാങ്ങുവാനുള്ള ദൈവത്തിന്റെ അംഗീകാരമായി അതേ അടയാളം വീണ്ടും ആവർത്തിക്കുവാൻ അവർ ആവശ്യപ്പെട്ടു. അതേ ദിവസം തന്നെ നൂറു പൗണ്ടിന്റെ ചെക്കു വീണ്ടും വന്നു. ഇപ്പോഴും അവർ ഈ വിഷയവുമായി മുമ്പോട്ടു പോകുവാൻ പൂർണ്ണമായി ഇഷ്ടപ്പെട്ടില്ല. എന്തായാലും ചില ദിവസങ്ങൾക്കുള്ളിൽ ഇങ്ങനെ ഒരു വീടു വാങ്ങുവാൻ ഉപയോഗിക്കുക എന്നു വ്യക്തമായി പറഞ്ഞ് ഒരാൾ അയച്ച നൂറു പൗണ്ടുകൂടെ ലഭിച്ചു. നമ്മുടെ കരുണയുള്ള രക്ഷിതാവ് വളരെ ദയാലുവാണെന്നുള്ള ഓർമ്മ തരുന്ന ഈ സംഭവം നമ്മുടെ ഹൃദയത്തെ ആനന്ദത്തിലാഴ്ത്തുന്നില്ലേ? വൈദ്യനായ ലൂക്കോസ് പറഞ്ഞിരിക്കുന്നത് ദൈവം ദയാലുവാണെന്നാണ് (ലൂക്കോ.6:35). സ്നേഹം എല്ലായ്പ്പോഴും "ദയ" കാണിക്കും (1 കൊരി.13:4). ദൈവം സ്നേഹം തന്നെ. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇത് ഓർക്കുക: നമ്മുടെ കർത്താവ് "ദയാലുവാണ്." മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ ഇത് നമ്മെ സഹായിക്കും. നമ്മുടെ വിശ്വാസം ഇടറുമ്പോൾ അവൻ ക്ഷമയോടെ നമ്മെ സഹിക്കുന്നു. "ദൈവമേ നിന്റെ ദയ എത്ര വിലയേറിയത്" (സങ്കീ.36:7). "നിന്റെ ദയ ജീവനേക്കാൾ നല്ലതാകുന്നു" (സങ്കീ.63:3).

പ്രാർത്ഥനയിലെ ലളിതമായ വിശ്വാസത്തെക്കുറിച്ച് വായിച്ചിട്ട് "എത്ര അത്ഭുതമായിരിക്കുന്നു" എന്നു പറയുകയും ദൈവം നമ്മിൽ ഓരോരുത്തരിൽ നിന്ന് ആ വിശ്വാസവും ആ പ്രാർത്ഥനയുമാണു പ്രതീക്ഷിക്കുന്നതെന്നുള്ളത് മറക്കുകയും ചെയ്യുന്നതാണ് അപകടം. ദൈവത്തിന് പക്ഷപാതമില്ല! നാം പ്രാർത്ഥിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു; നാം മുമ്പ് കണ്ടതുപോലെയുള്ള കാര്യങ്ങൾ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നു. അത് നമ്മുടെ അറിവിൽ പെടുന്നതിനെ തടയാതിരിക്കുന്നു. നമ്മെ വിസ്മയിപ്പിക്കാനല്ല, ഉത്തേജിപ്പിക്കാനാണ് അങ്ങനെ ചെയ്യുന്നത്.

പ്രാർത്ഥനയ്ക്ക് തടസ്സമായി ക്രിസ്ത്യാനികൾ കെട്ടിപ്പൊക്കിയിരിക്കുന്ന മനുഷ്യനിർമ്മിതമായ ആശങ്കകൾ മറികടക്കാം. നമുക്ക് എളിയവരാകാം, നമുക്ക് സാധാരണക്കാരാകാം. വാഗ്ദാനം ചെയ്ത ദൈവത്തെ വിശ്വസിക്കുക. നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചത് നമുക്കോർക്കാം (തീത്തോ.3:4). ദൈവം ചിലപ്പോൾ മനുഷ്യരെ പ്രാർത്ഥനാ ജീവിതത്തിലേക്ക് നയിക്കുന്നു. എങ്കിലും ചിലപ്പോൾ അങ്ങനെ ഒരു ജീവിതത്തിലേക്ക് നമ്മെ വണ്ടിയിൽ കയറ്റി ഓടിച്ചുപോകേണ്ടതുണ്ട്.

നമ്മിൽ പലരും താരതമ്യേന പ്രാർത്ഥനാരഹിതമായിരുന്ന നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ കർത്താവിന്റെ ദയയേയും ക്ഷമയേയും കുറിച്ച് ചിന്തിച്ച് അത്ഭുതവും ആനന്ദവും കൊണ്ട് നിറയുന്നു (2 തെസ്സ.3:5). അതില്ലായിരുന്നെങ്കിൽ നാം എവിടെ ആകേണ്ട വരായിരുന്നു? നാം തന്നെ തോല്പിക്കുന്നു,

അവിടുന്ന് ഒരിക്കലും നമ്മെ തോല്പിച്ചിട്ടില്ല; ഒരിക്കലും അങ്ങനെ ചെയ്യുകയുമില്ല. അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ. നാം തന്നെ സംശയിക്കുന്നു; അവിടുത്തെ സ്നേഹത്തെയും കരുതലിനെയും വഴികാട്ടലിനെയും നാം തെറ്റിദ്ധരിക്കുന്നു, "വഴി നിമിത്തം നാം തളരുന്നു;" വഴി നിമിത്തം നാം പിറുപിറുക്കുന്നു; എന്നിട്ടും എല്ലാ നേരവും അവിടുന്നു നമ്മെ അനുഗ്രഹിക്കുകയും ഇടംപോരാതെ വരുവോളം നമ്മുടെ മേൽ അനുഗ്രഹം പകരുവാൻ കാത്തിരിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ വാഗ്ദാനം ഇപ്പോൾ നന്മ നിറഞ്ഞതാണ്. "എന്റെ നാമത്തിൽ നിങ്ങൾ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും" (യോഹ. 14:14).

"പ്രാർത്ഥന കാര്യങ്ങളെ വ്യത്യാസപ്പെടുത്തുന്നെങ്കിലും അങ്ങയിൽ വിശ്വസിക്കുന്നവർക്കു വരുന്ന അനുഗ്രഹം കാണാനും രുചിക്കാനും ഞങ്ങൾ എത്ര കുരുടരും മുടന്തരുമായിരിക്കന്നു!"

എന്നാൽ ഇനിയും ഞങ്ങൾ ദൈവത്തെ വിശ്വസിക്കും

(അവസാനിച്ചു)

## ദൈവത്തോടൊപ്പം നടക്കുന്നവനോ?

*21-ാം പേജിൽ നിന്ന് തുടർച്ച*

കാണ്മാൻ കണ്ണുമുള്ള ചുരുക്കം ചിലർ അദ്ദേഹത്തെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകൻ എന്ന് മനസ്സിലാക്കി അദ്ദേഹത്തോട് ചേരുന്നു. അങ്ങനെ ആ ചുരുക്കം പേരിലൂടെ ആ തലമുറയിൽ കർത്താവിന്റെ ഒരു സാക്ഷ്യം ഉയർന്നു വരുന്നു. എന്നാൽ അദ്ദേഹം മരണമടയുന്നതോടെ കാര്യങ്ങൾ അധ:പതിക്കുകയും വളരെ വേഗത്തിൽ ഈ പുതിയ സമൂഹവും അധ:പതിച്ച് മറ്റെല്ലാ സഭാവിഭാഗങ്ങളെയും പോലെ ബാബിലോണിന്റെ ഒരു ഭാഗമായി കലാശിക്കുകയും ചെയ്യുന്നു.

ക്രൈസ്തവ ചരിത്രത്തിലെ ഒരൊറ്റ നേതാവിനുപോലും തന്നെപ്പോലെ അതേ ദൈവിക ദർശനമുള്ള നേതാക്കളുടെ ഒരു രണ്ടാം തലമുറയെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ മനുഷ്യരെല്ലാം താന്താങ്ങളുടെ തലമുറയിൽ ദൈവഹിതം നിറവേറ്റുന്ന ഒരു വലിയ വേല ചെയ്തിട്ടുണ്ട് (അപ്പൊ,13:16). എന്നാൽ അടുത്ത തലമുറ വരുന്നതോടെ തന്റെ നാമത്തിന് വിശുദ്ധമായ ഒരു സാക്ഷ്യം ഉയർത്തണമെങ്കിൽ എപ്പോഴും ദൈവത്തിന് പുതിയൊരു ആരംഭമിടേണ്ടി വരുന്നു. ഇത് സഭാചരിത്രത്തിലുടനീളം ഓരോ പ്രത്യേക വിഭാഗങ്ങളിലും സംഭവിച്ചിട്ടുള്ളതായി നാം കാണുന്നു.

എങ്കിലും **ഓരോ തലമുറയിലും** തന്റെ നാമത്തിനുവേണ്ടി വിശുദ്ധമായ ഒരു സാക്ഷ്യം ഉയർത്തുവാൻ ദൈവംആഗ്രഹിക്കുന്നു. ഇന്നത്തെ തലമുറയിൽ പോലും തനിക്കൊരു ലക്ഷ്യവുമില്ലാത്ത ഒരവസ്ഥ ദൈവം അഭിലഷിക്കുന്നില്ല. അതുകൊണ്ട് ഈ തലമുറയിൽ ദൈവഹിതം നിറവേറ്റുന്നതിലേക്ക് ആവശ്യമായ വില കൊടുക്കുവാൻ നിങ്ങൾ സന്നദ്ധനോ.? *(അവസാനിച്ചു)*



# 'മഹാകൃപയുടെ പാട്ടുകാരൻ'

*'നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു' (പ്രവൃത്തി 1:8).*

*'...നിങ്ങൾ ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും' - യേശുക്രിസ്തുവിന്റെ ഈ പ്രസ്താവനയോടു നീതി പുലർത്തി സുവിശേഷവുമായി കാടും മേടും കടന്നു വിദൂര നാടുകളിലേക്കു പോയ ക്രിസ്തീയ മിഷനറിമാരുടെ കഥകൾ. ചിലരാകട്ടെ തങ്ങളുടെ 'യെരുശലേമിലും' യെഹൂദ്യ'യിലുമാണു കഴിഞ്ഞത്. മറ്റു ചിലർ തങ്ങളുടെ'ശമര്യ' കണ്ടെത്തി അവിടെ കർത്താവിന്റെ സാക്ഷികളായി -ജീവിതംകൊണ്ടും വാക്കുകൾ കൊണ്ടും.*

*ഇവരുടെ കോരിത്തരിപ്പിക്കുന്ന തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ തലമുറകളായി വിശ്വാസികളെ വെല്ലുവിളിക്കുന്നു. ഈ മിഷനറി കഥകൾ ഇവിടെ ആരംഭിക്കുന്നു*

ജോൺ ന്യൂട്ടന്റെ ജീവിത കഥ: ഒരിക്കൽ അദ്ദേഹം അടിമ വ്യാപാരിയായിരുന്നു. ദൈവസ്നേഹം രുചിച്ചറിഞ്ഞ ശേഷം അദ്ദേഹം 'മനുഷ്യനെ പിടിക്കുന്നവനാ'യി മാറി. സംഭവബഹുലമായ ആ ജീവിതാനുഭവങ്ങളിലൂടെ നമുക്കു കടന്നു പോകാം:

*''ആശ്ചര്യമാം മഹാകൃപ*
*രക്ഷിച്ചീ ഹീനനെ*
*കാണാതെ പോയോരന്ധൻ ഞാൻ*
*കണ്ടെത്തിയിന്നെന്നെ''*

ക്രിസ്തീയ കീർത്തനങ്ങളുടെ പട്ടികയിൽ ഏറ്റവും പ്രശസ്തമായ ഗാനമേത് എന്ന് ചോദിച്ചാൽ ഒട്ടും സംശയിക്കാതെ പറയാവുന്ന മറുപടിയാണ് അത് 'ആശ്ചര്യമാം മഹാകൃപ (Amazing grace....) എന്ന കീർത്തനമാണ്' എന്ന്. പതിനെട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഈ ഇംഗ്ലീഷ് ഗാനം കഴിഞ്ഞ ഇരുനൂറിലധികം വർഷങ്ങൾ കോടിക്കണക്കിനു ഹൃദയങ്ങളെ ആശ്വസിപ്പിച്ചിട്ടുണ്ട്, ആവേശം കൊള്ളിച്ചിട്ടുണ്ട്. ഈ ഗാനത്തിന്റെ രചയിതാവ് ആംഗ്ലിക്കൻ സഭയിലെ ഒരു പുരോഹിതനായിരുന്ന ജോൺ ന്യൂട്ടനാണ് (1725-1807). ഒരിക്കൽ ദുർമാർഗ്ഗിയായ ഒരു അടിമവ്യാപാരിയായി ജീവിച്ചിരുന്ന ന്യൂട്ടന്റെ ജീവിതത്തിന്റെ അനുഭവസാക്ഷ്യമായി ഈ കീർത്തനത്തെ നമുക്ക് കണക്കാക്കാം. സംഭവബഹുലമായ ആ ജീവിതകഥ ദൈവകൃപയുടെ ശക്തിയെ വെളിപ്പെടുത്തി തരുന്നതാണ്:

1725 ജൂലൈ 24 ന് ഇംഗ്ലണ്ടിലായിരുന്നു ന്യൂട്ടന്റെ ജനനം. ജോണിന്റെ പിതാവ് ക്യാപ്റ്റൻ ന്യൂട്ടൻ ഒരു ചരക്കു കപ്പലിന്റെ കപ്പിത്താനും സമൂഹത്തിൽ വളരെ ആദരണീയനായ ഒരു വ്യക്തിയുമായിരുന്നു. ജോണിന്റെ മാതാവാകട്ടെ ദൈവഭക്തയായ ഒരു വനിതയും. അവർ കൊച്ചുജോണിനെ മതബോധന പാഠങ്ങളും ഐസക് വാട്ട്സിന്റെ കീർത്തനങ്ങളും അഭ്യസിപ്പിക്കുമായിരുന്നു. എന്നാൽ 1732 ൽ ജോണിന് ഏഴു വയസ്സുമാത്രം പ്രായമുള്ളപ്പോൾ ആ മാതാവ് ഈ ഭൂമുഖത്തുനിന്ന് നീക്കപ്പെട്ടു. ക്യാപ്റ്റന്റെ രണ്ടാംഭാര്യ ആത്മീയകാര്യങ്ങളിൽ തൽപരയായിരുന്നില്ല. എട്ടു വയസ്സുമുതൽ പത്ത് വയസ്സുവരെ

മാത്രമാണ് ജോണിന് സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചത്. പിന്നീടുള്ള പഠനങ്ങളെല്ലാം സ്വന്തമായി നടത്തിയവയായിരുന്നു.

പതിനൊന്നാമത്തെ വയസ്സു മുതൽ പിതാവിനോടൊപ്പം ജോൺ കടൽയാത്രകൾ നടത്തി. കപ്പലും കടലും അവനെ ആവേശം കൊള്ളിച്ചു. പതിനെട്ട് വയസ്സുവരെ ഏകദേശം അഞ്ചോളം ദീർഘദൂര യാത്രകൾ മെഡിറ്ററേനിയൻ കടലിൽ അവൻ നടത്തിയിരുന്നു. ഈ കാലയളവിൽ നിരവധി തവണ ജോൺ മരണത്തെ മുഖാമുഖം കണ്ടിട്ടുണ്ട്. ഇത്തരം അനുഭവങ്ങൾ ദൈവിക ന്യായവിധിയെക്കുറിച്ചുള്ള ചിന്തകൾ അവനിൽ ഉളവാക്കി. ഓരോ തവണയും ഭക്തിയോടെ ജീവിക്കുവാനുള്ള തീരുമാനങ്ങൾ അവനെടുക്കും. എന്നാൽ അവയൊന്നും അധിക കാലം നിലനിന്നില്ല.

ജോണിന്റെ ഭാവിയെക്കുറിച്ച് വ്യാകുലനായിരുന്ന ക്യാപ്റ്റൻ ന്യൂട്ടൺ അവനെ സ്പെയിനിലുള്ള തന്റെയൊരു സുഹൃത്തിന്റെ കമ്പനിയിൽ ജോലിക്കയച്ചു. എന്നാൽ കൗമാരത്തിന്റെ ചോരത്തിളപ്പും എടുത്തുചാട്ടവും മൂലം ജോണിന് അധികകാലം അവിടെത്തുടരുവാൻ കഴിഞ്ഞില്ല. ഏകദേശം 16 വയസ്സുള്ളപ്പോൾ സ്വതന്ത്ര ജീവിതത്തെപ്പറ്റിയുള്ള ചിന്തകൾ ചില പുസ്തകങ്ങളിലൂടെ അവനു ലഭിച്ചു. അവ അവന്റെയുള്ളിലെ ആത്മീയ ജ്വാലയെ കെടുത്തിക്കളഞ്ഞു. പ്രാർത്ഥനയ്ക്ക് പകരം ദൈവദൂഷണവും ശാപവാക്കുകളും ജോൺ ഉരുവിടുവാൻ തുടങ്ങി. 1742 ൽ ക്യാപ്റ്റൻ ന്യൂട്ടൺ ജോണിന് വെസ്റ്റ് ഇൻഡീസിൽ മറ്റൊരു ജോലി തരപ്പെടുത്തിക്കൊടുത്തു. അവിടേക്ക് കപ്പൽ കയറുന്നതിന് ഏകദേശം ഒരാഴ്ച മുമ്പ് തന്റെ മാതാവിന്റെ പരിചയത്തിലുള്ള കാർട്ട്ലെറ്റ് കുടുംബത്തിന്റെ ക്ഷണം സ്വീകരിച്ച് അവരെ സന്ദർശിക്കുവാൻ ജോൺ പോയി. അവിടെ മേരി എന്ന പതിമൂന്നുകാരിയെ അവൻ പരിചയപ്പെട്ടു. കാർട്ട്ലെറ്റ് ദമ്പതികളുടെ മൂത്ത മകളായിരുന്നു മേരി. അതുവരെ മറ്റൊരു പെൺകുട്ടിയോടും ഉണ്ടാകാത്ത ഒരു പ്രത്യേക അടുപ്പം മേരിയോട് അവനു തോന്നി. വിൻഡീസിലേക്കുള്ള യാത്രയിൽ നിന്ന് പിന്മാറുവാൻ ഇത് അവനെ പ്രേരിപ്പിച്ചു. മേരിയെ ജോണിന് ഭാര്യയായി ലഭിച്ചത് ഏഴു വർഷങ്ങൾക്കു ശേഷമാണെങ്കിലും, അന്നു മുതൽ അവന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തിയായി മേരി കാർട്ട്ലെറ്റ് മാറി.

ജോണിന്റെ വെസ്റ്റ് ഇൻഡീസ് യാത്ര മുടങ്ങിയതിൽ ക്യാപ്റ്റൻ ന്യൂട്ടന് വലിയ അമർഷം തന്നെ തോന്നി. തുടർന്ന്, വെനീസിലേക്ക് പോകുന്ന കപ്പലിൽ അദ്ദേഹം ജോണിനെ നിർബ്ബന്ധിച്ച് അയച്ചു. ഒരു സാധാരണ നാവികനായി ആ കപ്പലിൽ ജോലി ചെയ്യുന്നത് ജോണിന് വല്ലാത്ത ബുദ്ധിമുട്ടായിരുന്നു. കാരണം മുമ്പുള്ള യാത്രകളെല്ലാം ക്യാപ്റ്റൻ ന്യൂട്ടനോടൊപ്പമായിരുന്നല്ലോ.

വെനീസ് യാത്രാസമയത്ത് പൂർണമായ വിശ്വാസത്യാഗത്തിന്റെ അവസ്ഥയിൽ അവനെത്തിയിരുന്നു. ഏതാണ്ട് ഒരു വർഷത്തിനു ശേഷമാണ് ജോൺ ഇംഗ്ലണ്ടിൽ തിരിച്ചെത്തിയത്. ഏതാനും ദിവസങ്ങൾക്കകം അവൻ മേരിയെ കാണാൻ പോയി. ക്യാപ്റ്റൻ ന്യൂട്ടൻ വീണ്ടും ജോണിന് ഒരു ജോലി തരപ്പെടുത്തിക്കൊടുത്തു. എന്നാൽ ഇത്തവണയും അവൻ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. ഇതോടെ ജോണിനെക്കുറിച്ചുള്ള സകല പ്രതീക്ഷയും പിതാവിന് നഷ്ടമായി. (*തുടരും*)

**(ബോബി കുര്യൻ)**

Youth Section

# DEALING WITH ALL OF OUR ANXIETIES

**Sandeep Poonen**

Is anxiety a sin? Many of us might not think that it is. But Paul is clear in his command to us in *Philippians 4:6 – Be anxious for nothing*. Jesus warns us that the worries of this world can act as thorns that choke our lives from being fruitful (Mark 4:18-19). In fact, I believe that many Christians struggle with anxiety as a sin that "easily entangles them" (Hebrews 12:1). They are constantly mastered by thoughts of worry and anxiety.

So what is the pathway to freedom from anxiety? I want to share some thoughts to help us practically deal with this.

*1 Peter 5:6-7 –Therefore humble yourselves under the mighty hand of God, that He may exalt you at the proper time, casting all your anxiety on Him, because He cares for you*.

I want to start first from what is written at the end of this passage.

## God cares for us

As we read God's Word carefully, we will find that God does not simply give us commands to obey. All of His commands for us rest on His magnificent promises. So when God asks us to love Him, it is in view of the fact that He first loved us so lavishly and welcomed us as His children (1 John 4:19; 1 John 3:1-3). And it is as an outpouring overflow of this love for God that He asks us to obey His commands and thereby turn away from all sin (John 14:15).

So also, we find that God's command to cast all our anxiety upon God is founded on the promise that God cares for us. So this is what we must first do to deal with our sin of anxiety.

Take a moment to realize what it means that this is truly the first step for our anxiety. We don't have to beat ourselves up, and we don't have to think of ourselves as terrible people, etc. That is how we can often be tempted to respond when we hear that anxiety is a sin. No! Rather, we need to wrap ourselves tighter and tighter to the fact that God cares for us. Jesus tells us that God's care for us is so intense, He even keeps track of all the hairs on our heads (Luke 12:7)!

## Casting all anxiety onto God

I like the word "cast" used by Peter here. It means to throw. And the simple proof that I cast my anxiety onto God is that I no longer have it with me. I give up my possession of that anxiety and tell God, "Now Lord, you have it! You deal with it!"

I think of my little child when I ask him to put on a clean shirt. He knows how to put his shirt on, but he is stuck if the shirt is turned inside out. So he'll bring the inside-out shirt to me and *cast it on me* and say, "Daddy, fix my shirt." He's not anx-

ious at all about his shirt being inside out. He simply brings it over to me and makes it my problem to solve.

This is the picture I have when I think of casting my anxiety on God. We must learn the habit of cast our cares over and over again to him – being increasingly confident that He cares for us.

Paul says is similarly in *Philippians 4:6 – Be anxious for nothing, but in everything by prayer and supplication with thanksgiving let your requests be made known to God.*

- We must come to God with thanksgiving. Why? Because He know that He cares for us.

- We cast all our anxieties onto God – through all our conversations (prayers) with Him.

And in all our trials of anxiety, it should be a great comfort that Jesus was also tempted to be anxious – because He was tempted in all points as we are (Hebrews 4:15). I believe that the way He overcame was that He CAST all temptations to be anxious onto His Father. He knew how immensely His Father cared for Him. So He didn't try to be superhuman by trying to deal with all the things that tempted him to be anxious. Instead, He just cast (threw) them over onto His Father and said, "Father, they're Yours. You deal with them!"

### A sobering thought: Our anxiety springs from our pride

When read 1 Peter 5:6-7 together, we see that Peter draws a connection between my humility and my sin of anxiety. I don't think we naturally connect anxiety with pride, but there is indeed a connection. And I see that the Holy Spirit inspired a simple fisherman to make this very profound connection.

Pride is not only thinking more highly of myself than I ought. It is also having a lower view of God than what He says about Himself in His Word. So when I do not cast my anxieties onto a most caring God, it proves that I don't really believe that God cares for me. When I don't come to God for help, I prove that I think that I must deal with the problem myself.

My two-year-old child knows that I care for him and that I can fully solve his struggle with his inside-out shirt. He is humble about his own abilities because he not only knows that he can't deal with it. But he also has no anxiety because he is confident that I can deal with it. So it is a form of pride that makes me hold onto the things that make me anxious, despite God's Word!

I find that one important facet in dealing with the sin of anxiety is that I must be radical about it, and recognize how serious a sin it is. I must agree with Scripture that holding onto my anxieties is, in essence, rejecting the fact that God deeply cares for me. And it is also a sign of my pride – that is, my unwillingness to humble myself under God's mighty Hand that allowed this situation (that is making me anxious) to come into my life.

So I want to humble myself under the all-mighty Hand of God. He has everything under His control, and has specifically allowed even the situations that tempt me to be anxious. And I will remind myself that God cares deeply for me. So I will cast all my cares onto God. As I do this, I will find rest for my soul and live the "carefree" life – freed from all sinful care and anxiety! ■

## കർതൃമേശയുടെ അർത്ഥതലങ്ങൾ

*4-ാം പേജിൽ നിന്ന് തുടർച്ച*

ഉപയോഗിച്ചിരിക്കുന്ന 'പുതിയ നിയമത്തിനുള്ള രക്തം' 'രക്തത്തിലെ പുതിയനിയമം' എന്നീ പ്രയോഗങ്ങൾ യിസ്രയേൽ മക്കളുടെ പ്രയാണത്തിനിടയിലെ ഒരു സംഭവം നമ്മെ ഓർമ്മിപ്പിക്കും. പുറപ്പാട് പുസ്തകം 24-ാം അദ്ധ്യായത്തിലാണത്. പ്രസക്തഭാഗം കാണുക: "മോശ നിയമപുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്നു അവർ പറഞ്ഞു. അപ്പോൾ മോശ രക്തമെടുത്ത് ജനത്തിന്മേൽ തളിച്ചു. ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം (blood of the covenant) ഇതാ എന്നു പറഞ്ഞു. അനന്തരം മോശെയും, അഹരോനും, നാദാബും, അബീഹൂവും യിസ്രയേൽ മൂപ്പന്മാരിൽ എഴുപതുപേരും കൂടെ കയറിച്ചെന്നു... അവർ ദൈവത്തെ കണ്ടു ഭക്ഷണപാനീയങ്ങൾ കഴിച്ചു" (7-11).

കാനാവിൽ വെറും പച്ചവെള്ളത്തെ എടുത്തു രുചിയും മണവും ഗുണവുമുള്ള വീഞ്ഞാക്കിത്തീർത്തതുപോലെ, യേശു പഴയനിയമത്തിൽ മോശ നിയമത്തിന്റെ രക്തം കൊണ്ടു മുദ്രയിട്ട സംഭവത്തെ എടുത്തു കൂടുതൽ ആഴവും പരപ്പും അർത്ഥവുമുള്ള കർതൃമേശയാക്കി മാറ്റുകയായിരുന്നു. കാളകളുടെ രക്തംകൊണ്ടാണ് അവിടെ മുദ്രയിട്ടതെങ്കിൽ ഇവിടെയിതാ സ്വന്തം രക്തംകൊണ്ട് മുദ്രയിട്ടിട്ട് യേശു പ്രഖ്യാപിക്കുന്നു: "അതു പഴയ ഉടമ്പടിയിലെ നിയമത്തിന്റെ രക്തം (blood of the covenant) ആയിരുന്നെങ്കിൽ ഇത് പുതിയ നിയമത്തിനുള്ള എന്റെ രക്തം (my blood of the new covenant) ആണ്!"

മോശെ നിയമത്തിന്റെ രക്തം കൊണ്ടു മുദ്രയിട്ട സംഭവത്തിൽ, ആ ഉടമ്പടിയിൽ യിസ്രായേൽ മക്കളുടെ പങ്കാളിത്തം എന്തായിരുന്നു? 'യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കും' എന്നു യിസ്രായേൽമക്കൾ സ്വയം തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തതാണു തങ്ങളുടെ ഭാഗത്തുനിന്ന് അവരുടെ പങ്കാളിത്തം. കല്പനകളുടെ പുറമെയുള്ള അനുസരണവും ബാഹ്യമായ വിശുദ്ധിയും മാത്രമായിരുന്നു യിസ്രായേൽ മക്കളിൽ നിന്ന് അന്ന് ആവശ്യപ്പെട്ടിരുന്നത്. ഇത് സൂചിപ്പിക്കുവാനായി മോശ രക്തമെടുത്ത് അവരുടെ മേൽ തളിക്കുകയും ചെയ്തു. (ഇതേസമയം, പുതിയ ഉടമ്പടിയിൽ രക്തത്തിന്റെ പ്രതീകമായി വീഞ്ഞിൽ നിന്നു കുടുക്കുമ്പോൾ ഉള്ളിലേക്കു പോകുകയാണ്).

യേശു തന്റെ രക്തംകൊണ്ട് സ്ഥാപിച്ച പുതിയ ഉടമ്പടിയിലും 'അവിടുന്ന് കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കും' എന്നതാണ് നമ്മുടെ പങ്കാളിത്തം. 'ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' എന്ന യേശുവിന്റെ അന്ത്യകല്പന ഇവിടെ ഓർക്കുക (മത്താ.28:20). 'യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കും' എന്നു പഴയനിയമ യിസ്രായേൽ പോലും പ്രഖ്യാപിക്കുമ്പോൾ നാം എത്രയധികം അതിൽ ഉത്സാഹികളാ

കേണ്ടതുണ്ട്! എന്നാൽ കല്പന കളുടെ ബാഹ്യമായ അനുസരണം മാത്രം നമുക്കു പോരാ, ആന്തരിക മായ അനുസരണവും ആന്തരിക മായ വിശുദ്ധിയുമാണു പുതിയ ഉടമ്പടിയിൽ പ്രസക്തം. പുതിയ ഉടമ്പടിയിൽ കർത്താവ് തന്റെ പർവ്വതപ്രസംഗത്തിൽ പഴയനിയമ ത്തിലെ കല്പനകൾ ഓരോന്നായി എടുത്ത് 'ഞാനോ നിങ്ങളോടു പറയുന്നത്' എന്ന ആമുഖത്തോടെ അവ ഓരോന്നിനും പുതിയ ഭാഷ്യം നൽകുന്നുണ്ടല്ലോ. (മത്താ. 5: 21,22/ 27,28/33,34/38,39/43,44). കല്പനകളോട് ആന്തരികമായി പാലിക്കേണ്ട വിശ്വസ്തതയ്ക്കും ആന്തരികമായി പുലർത്തേണ്ട വിശു ദ്ധിക്കുമാണു പുതിയ ഉടമ്പടിയിലെ ഊന്നൽ (മത്താ.5,6,7 അധ്യായങ്ങൾ, ലൂക്കോ. 6:20–49). എന്നാൽ ഇത് പഴയ ഉടമ്പടിയിലെ കല്പനകളോട് താരതമ്യം ചെയ്യുമ്പോൾ കർത്താവു പുതിയ ഉടമ്പടിയിൽ തന്ന കല്പന കളാണു പാലിക്കാൻ കൂടുതൽ പ്രയാസം എന്നു സത്യസന്ധരാണ ങ്കിൽ നാം കണ്ടെത്തും. കാരണം പഴയനിയമത്തിലെ കല്പനകൾ അതിന്റെ അക്ഷരത്തിൽ അനുസരി ച്ചാൽ മതി. എന്നാൽ പുതിയ ഉടമ്പ ടിയിൽ കല്പനകളുടെ അക്ഷരത്തി നപ്പുറത്ത് അതിന്റെ ആത്മാവിനോട് നാം നീതി പുലർത്തേണ്ടതുണ്ട്. അങ്ങനെയെങ്കിൽ പുതിയ ഉടമ്പടി യിൽ അവിടുന്നു കല്പിച്ചതൊ ക്കെയും ഞങ്ങൾ അനുസരിച്ചു നടക്കും എന്ന് നമ്മിൽ ആർക്കു ധൈര്യമായി പറയുവാൻ കഴിയും? മാനുഷികമായി നമുക്ക് ഇത് അസാധ്യമാണെന്നുള്ളതാണു സത്യം. അങ്ങനെയെങ്കിൽ ഇനി എന്താണു പോംവഴി? ഈ പ്രതി സന്ധിയെ നാം എങ്ങനെ തരണം ചെയ്യും? ഉടമ്പടി രണ്ടു കക്ഷികൾ ചേർന്നു ചെയ്യുന്ന ഒരു കരാറാണ്. ഈ കരാറിൽ നമ്മുടെ ഭാഗത്തു നാം ചെയ്യേണ്ടത്, 'കല്പിച്ചത് ഒക്കെയും അനുസരിക്കുക' എന്നതാണ്. ഇതിൽ ഒരു ഇളവും ഇല്ലെന്ന് പർവ്വതപ്രസംഗത്തിൽ കർത്താവ് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട് (മത്താ.5:17–20). എങ്കിൽ നാം എന്തുചെയ്യും? സത്യത്തിൽ ഇവിടെ ഒരു വിഷമസന്ധിയിലാണു നാം.

പക്ഷേ ഭയപ്പെടേണ്ട. കല്പന തന്ന കർത്താവു തന്നെ അതിനു പരിഹാരവും കണ്ടിട്ടുണ്ട്. നോക്കുക: കർത്താവു പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തു കൊള്ളും" (യോഹ. 14:15). നാം ഉടനെ മുകളിൽ പറഞ്ഞതിന്റെ അടി സ്ഥാനത്തിൽ ഇങ്ങനെ ചോദിക്കും: 'പക്ഷേ കർത്താവേ, അത് എങ്ങനെ സാധി ക്കും'? കർത്താവിന്റെ മറുപടി: "എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യ സ്ഥനെ (സഹായകനെ) എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും"(14:16).

ഉവ്വ്, പരിശുദ്ധാത്മാവാണത്. നല്ല കാര്യസ്ഥൻ. സഹായകൻ. നമ്മെ ക്കൊണ്ടു ചിലതു ചെയ്യാൻ കഴിയാ തെ വരുമ്പോഴാണ് നമുക്ക് ഒരു സഹായകനെ ആവശ്യമുള്ളത്. കല്പന കാത്തുകൊള്ളുവാൻ (14:15) വചനം പ്രമാണിപ്പാൻ (14:23) 'അവൻ' നമ്മെ ശക്തീകരിക്കും. സകല സത്യത്തിലും നമ്മെ വഴി നടത്തും (16:13). സ്തോത്രം!

എന്നാൽ ഈ സഹായകൻ, പരിശുദ്ധാത്മാവ് എപ്പോൾ വരും എന്നായിരുന്നു അപ്പോൾ ശിഷ്യ ന്മാർക്ക് അറിയേണ്ടത്. യേശു പറഞ്ഞു:"എന്നാൽ ഞാൻ നിങ്ങ ളോടു സത്യം പറയുന്നു. ഞാൻ

പോകുന്നതു നിങ്ങൾക്കു പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും" (16:7). കർത്താവ് മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്താലേ പരിശുദ്ധാത്മാവു വരികയുള്ളു.

ഉവ്വ്, കർത്താവ് മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റുവെന്നുള്ള കാര്യങ്ങളെല്ലാം പ്രതീകാത്മകമായി ചിത്രീകരിക്കുന്ന, പുതിയ നിയമസഭയ്ക്കുള്ള, രണ്ട് ശുശ്രൂഷകളാണ് സ്നാനവും, കർതൃമേശയും. ഇതിൽ 'കർത്താവു വരുവോളം അവിടുത്തെ മരണത്തെ പ്രസ്താവിക്കുന്ന' (1 കൊരി.11:26) കർതൃമേശ കർത്താവ് ഇതുവരെയും വന്നിട്ടില്ലെന്നു കാണിക്കുന്നു. പോയവനേ വരാൻ കഴിയുകയുള്ളു. എങ്കിൽ സ്വർഗ്ഗത്തിലേക്കു പോയവനായ കർത്താവ് ഉയരത്തിൽ കയറി അവിടെനിന്നു പരിശുദ്ധാത്മാവ് എന്ന ദാനത്തെ നമുക്കു തന്നുവെന്നും (എഫേ.4:8) കൂടിയാണ് കർതൃമേശ ഇന്നു നമ്മെ വിളിച്ചറിയിക്കുന്നത്. ചുരുക്കത്തിൽ കർതൃമേശ, ഉടമ്പടിയുടെ ഭാഗമായി 'കല്പിച്ചത് ഒക്കെയും നമ്മൾ അനുസരിക്കണ'മെന്ന് ആവശ്യപ്പെടുക മാത്രമല്ല അതനുസരിപ്പാൻ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ലഭ്യമാണെന്ന ഉറപ്പു നൽകുക കൂടിയാണ് ചെയ്യുന്നത്. യേശു തന്റെ മരണത്തിലൂടെ സ്ഥാപിച്ച പുതിയ ഉടമ്പടിയിൽ, അവനോടുകൂടെ ക്രൂശിക്കപ്പെട്ടും സ്വന്ത ഇഷ്ടത്തിനു മരിച്ചും യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിച്ചും (2കൊരി. 4:10) പങ്കാളികളാകുവാൻ പരിശുദ്ധാത്മാവു നമ്മെ സജ്ജരാക്കും.

അതെ. കർതൃമേശ കേവലം ഒരാചാരമല്ല. അർത്ഥതലത്തിൽ നമുക്ക് ഉത്സാഹം പകരുന്ന ഒട്ടേറെ അടരുകൾ അതിനുണ്ട്. പാപംമൂലം മനുഷ്യന് നഷ്ടമായ ബന്ധങ്ങളെ വലിയവനായ ദൈവം തന്നെ കാൽവരിയിലെ പാപപരിഹാര ബലിയിലൂടെ പുന:സ്ഥാപിച്ചതായി കർതൃമേശ പ്രഖ്യാപിക്കുന്നു. ഒപ്പം ഇന്നു നാം ദൈവത്തോടും മനുഷ്യരോടും പുതിയ ഉടമ്പടിയനുസരിച്ചു കുറ്റമറ്റ ബന്ധം പാലിക്കാൻ ബാധ്യസ്ഥരാണെന്നും ഓർമിപ്പിക്കുന്നു. സ്വർഗ്ഗത്തിലേക്കു കരേറിപ്പോയ കർത്താവു പിതാവിനോടു ചോദിച്ചു പരിശുദ്ധാത്മാവിനെ അയച്ചു തന്നതിലൂടെ ഈ ഉടമ്പടി പാലിക്കാനുള്ള ശക്തി ഇന്നു നമുക്ക് ലഭ്യമാണെന്നുള്ള ഉറപ്പും കർതൃമേശ നൽകുന്നു. പല ഗോതമ്പു മണികൾ പൊടിഞ്ഞ് ഒരപ്പമായതു പോലെ ഇന്ന് ഒരു ശരീരമായി പണിയപ്പെടുമ്പോഴുള്ള നുറുക്കത്തിന്റെ പ്രസക്തിയും കർതൃമേശ സൂചിപ്പിക്കുന്നു. (1 കൊരി.10:17, യോഹ,12:24). ഒടുവിലായി ഈ ബോധ്യങ്ങളോടെ ജീവിക്കുന്നവരെ ചേർക്കാനും അവർക്കു പ്രതിഫലം നൽകാനുമായി കർത്താവു വേഗം വരുന്നെന്നും (1കൊരി. 11:26) അതിനായി ഒരുങ്ങണ മെന്നും (1 യോഹ. 3:2,3) കർതൃമേശ നമ്മെ തിടുക്കപ്പെടുത്തുന്നു.

അതുകൊണ്ട് 'അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ദൈവത്തെ സ്തുതിച്ച്' ഒന്നാം നൂറ്റാണ്ടിലെ വിശുദ്ധർ ഇന്നു നമ്മെ പ്രചോദിപ്പിക്കട്ടെ (പ്രവൃ.2:46,47).



# FACING IMPOSSIBILITIES

David Wilkerson

I have a special word for all who face impossibilities: “The Lord thy God in the midst of thee is mighty; he will save, he will rejoice over thee with joy; he will rest in his love, he will joy over thee with singing” (Zephaniah 3:17).

Here is a glorious revelation of the steadfastness of God’s love for His people. Scripture tells us He rests and rejoices in His love for us!

The Hebrew word for “rest” here means God hasn’t a single question concerning His love for us. In other words, He has fixed, or settled, His love for us, and He will never take it away. In fact, we’re told God is so satisfied in His love for us that He sings about it.

Can you imagine this? There is a manifestation in heaven of God’s delight over you. John Owen interprets the passage this way: “God leaps, as overcome with joy.”

Moreover, Paul tells us, everything that is out of divine order—all that is of unbelief and confusion—is changed by the appearance of God’s love. “After that the kindness and love of God our Savior toward man appeared” (Titus 3:4).

In the preceding verse, Paul says, “We ourselves also were sometimes foolish, disobedient, deceived” (3:3). In other words, “Everything was out of order. Our faith was not an overcoming one. But the kindness and love of God appeared, which the Father shed on us abundantly through Christ.”

When Paul says the love of God “appeared,” he uses a word from a Greek root meaning “superimposed.” In short, the Lord looked down on us poor, struggling souls, full of fear and questioning, and He superimposed this revelation: “My love will deliver you. Rest and delight in My love for you.”

I thank God for the day His love “appeared” to me. There is no faith that can stand against impossibilities unless everything—every problem, every affliction—is committed into the loving care of our Father. When my situations are at their worst, I must rest in simple faith.

J EEVAMOZHIKAL RNI/KERBIL/-2003/21404
September 2016 www. jeevamozhikal.org
Annual Subscription Rs.100/-

Regn.No. KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-08-2016

# 'ഞാൻ ധനികനായി മരിക്കട്ടെ...'

ഒരു കാലത്തു സ്വർണ്ണവേട്ടക്കാരുടെ പ്രിയപ്പെട്ട സ്ഥലമായിരുന്നു ബ്രസീൽ. അവിടെ ചെന്നു ധാരാളം സ്വർണ്ണവും വെള്ളിയും സംഭരിച്ച് ആളുകൾ ബ്രിട്ടാനിയ എന്ന കപ്പലിൽ അതു കയറ്റി ബ്രസീലിന്റെ തീരം വിട്ടു.

കപ്പൽ കടലിലൂടെ നീങ്ങുന്നതിനിടെ ഒരു പാറക്കെട്ടിൽ ഇടിച്ചു. കപ്പലിന്റെ അടിത്തട്ടിനു തുള വീണു. വെള്ളം മെല്ലെ കപ്പലിൽ കയറുവാൻ തുടങ്ങി. ആളുകൾ പരിഭ്രാന്തരായി. അവർ തങ്ങളുടെ സ്വർണ്ണം നിറച്ച പെട്ടികൾ കപ്പിലിന്റെ മുകൾത്തട്ടിൽ കയറ്റിവച്ചു. പക്ഷേ സമയം കടന്നുപോയി. മറ്റു കപ്പലുകളൊന്നും രക്ഷിക്കാനായി കടന്നുവന്നില്ല. ബ്രിട്ടാനിയ മെല്ലെ മുങ്ങുകയാണ്...

കപ്പൽ ജോലിക്കാർ സകലതും കപ്പലിൽ ഉപേക്ഷിച്ചു യാത്രക്കാരെയെല്ലാം രക്ഷാബോട്ടുകളിൽ കയറ്റി രക്ഷപ്പെടുത്താൻ ശ്രമം തുടങ്ങി. ആളുകൾ എല്ലാവരും രക്ഷാബോട്ടിൽ കയറി. ബ്രിട്ടാനിയായുടെ കപ്പിത്താൻ, ഒടുവിലായി അവസാനബോട്ടും വിടുന്നതിനു മുമ്പ് ആരെങ്കിലും കപ്പലിൽ ഉണ്ടോ എന്നറിയാൻ എല്ലായിടവും വേഗത്തിൽ പരിശോധിച്ചു.

മുകൾത്തട്ടിൽ ചെന്നപ്പോൾ ഇതാ ഒരാൾ അവിടെ നിന്നു സ്വർണ്ണം നിറച്ച വീഞ്ഞപ്പെട്ടികൾ എല്ലാം ഒരു കമ്പിപ്പാരകൊണ്ട് തുറക്കുന്നു! കപ്പിത്താൻ ചോദിച്ചു: "നിങ്ങൾ എന്താ ഇവിടെ നിൽക്കുന്നത്? വരൂ അവസാനബോട്ടും പോകുകയാണ്. ഇതെല്ലാം കളഞ്ഞ് ജീവൻ രക്ഷിക്കാൻ നോക്ക്."

അയാളുടെ മറുപടി ഇങ്ങനെ: "എന്റെ ആയുഷ്ക്കാലം മുഴുവൻ ഞാൻ ദരിദ്രനായി ജീവിച്ചു. മരിക്കുമ്പോഴെങ്കിലും ഞാൻ ധനികനായി മരിക്കട്ടെ. ഈ സ്വർണ്ണം ഉപേക്ഷിച്ചിട്ടു ഞാൻ വരുന്നില്ല."

കപ്പിത്താൻ പിന്നെയും പലവട്ടം നിർബന്ധിച്ചു. അയാൾ അതു ചെവിക്കൊള്ളാതെ ആഹ്ലാദത്തോടെ പെട്ടികൾ ഒന്നൊന്നായി തുറന്നു സ്വർണ്ണത്തിനു നടുവിൽ മതി മറന്നു നിൽക്കുകയാണ്!

കപ്പിത്താൻ നിവൃത്തിയില്ലാതെ അയാളെ കൂടാതെ അവസാനബോട്ടിൽ കയറി രക്ഷപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ ബ്രിട്ടാനിയ സ്വർണ്ണശേഖരത്തിനു നടുവിൽ നില്ക്കുന്ന ആ ഭോഷനായ മനുഷ്യനോടൊപ്പം ആഴിയുടെ അഗാധതയിലേക്കു മെല്ലെ മെല്ലെ താണുപോയി.....

ഈ ലോകം മുങ്ങുന്ന ഒരു കപ്പലാണ്. ഇവിടെ നിക്ഷേപം സ്വരൂപിക്കുന്ന ഭോഷനായി നിങ്ങൾ മാറരുതേ.

'നാം ഈ ആയുസ്സിൽ മാത്രം... പ്രത്യാശ വച്ചിരിക്കുന്നുവെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ' (1 കൊരി.15:19). 'ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ' (1 തിമോ.6:10).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.